# ബഷീർ

## മതിലുകൾ



# ബഷീർ

## മതിലുകൾ



## വൈക്കം മുഹമ്മദ് ബഷീര്
## (1908-1994)

1908 ജനുവരി 19–ന് വൈക്കം താലൂക്കില് തലയോലപ്പറമ്പില് ജനിച്ചു. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലിഷ് സ്കൂളിലും പഠിച്ചു. ഇന്ത്യന് നാഷനല് കോണ്ഗ്രസ്സില് ചേര്ന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോഴിക്കോട്ടുനടന്ന ഉപ്പുസത്യഗ്രഹത്തില് പങ്കുകൊണ്ടു. അതിന്റെ പേരില് മര്ദ്ദനത്തിനിരയാകുകയും ജയില്ശിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വര്ഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു; പിന്നീട് ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും. **ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പുപ്പാക്കൊരാനേണ്ടാര്ന്ന്!** എന്നീ കൃതികള് ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തര്ജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. **മതിലുകള്, ശബ്ദങ്ങള്, പ്രേമലേഖനം** എന്നീ കൃതികളും **പൂവന്പഴം** ഉള്പ്പെടെ 16 കഥകളുടെ ഒരു സമാഹാരവും ഓറിയന്റ് ലോങ്മാന് ഇംഗ്ലിഷില് പ്രസിദ്ധീകരിച്ചു. സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെല്ലോഷിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യാഗവണ്മെന്റ് പദ്മശ്രീ നല്കി ആദരിച്ചു. 1994 ജൂലൈ 5–ന് നിര്യാതനായി.

വൈക്കം മുഹമ്മദ് ബഷീറിന്റെ ഞങ്ങള് പ്രസിദ്ധീകരിച്ച കൃതികള്

## നോവല്

അനുരാഗത്തിന്റെ ദിനങ്ങള്, ആനവാരിയും പൊന്കുരിശും,
ജീവിതനിഴല്പ്പാടുകള്, താരാസ്പെഷ്യല്സ്,
ന്റുപ്പുപ്പാക്കൊരാനേണ്ടാര്ന്ന്!, പാത്തുമ്മായുടെ ആട്,
പ്രേമലേഖനം, പ്രേംപാറ്റ, ബാല്യകാലസഖി, മതിലുകള്,
മരണത്തിന്റെ നിഴലില്, മാന്ത്രികപ്പൂച്ച,
മുച്ചീട്ടുകളിക്കാരന്റെ മകള്, ശബ്ദങ്ങള്,
സ്ഥലത്തെ പ്രധാന ദിവ്യന്, ബാല്യകാലസഖിയും കുറെ പെണ്ണുങ്ങളും,
മുച്ചീട്ടുകളിക്കാരന്റെ മകളും ചില ഗഡാഗഡിയന് നോവലുകളും,
പാത്തുമ്മായുടെ ആടും തിരഞ്ഞെടുത്ത നോവെല്ലകളും

## കഥകള്

ആനപ്പൂട, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ഓര്മ്മക്കുറിപ്പ്,
ചിരിക്കുന്ന മരപ്പാവ, ജന്മദിനം, 'നീലവെളിച്ച' വും മറ്റ് പ്രധാന കഥകളും,
പാവപ്പെട്ടവരുടെ വേശ്യ, ബഷീറിന്റെ 10 കഥകള്, ഭൂമിയുടെ അവകാശികള്,
വിഡ്ഢികളുടെ സ്വര്ഗ്ഗം, വിശപ്പ്,
വിശ്വവിഖ്യാതമായ മൂക്ക്, ശിങ്കിടിമുങ്കന്, സ്വാതന്ത്ര്യസമരകഥകള്

## നാടകം

കഥാബീജം

## ലേഖനങ്ങള്

അനര്ഘനിമിഷം, ജീവിതം ഒരനുഗ്രഹം, ധര്മ്മരാജ്യം

## ചോദ്യോത്തരം, കത്തുകള്

നേരും നുണയും, ബഷീര് എഴുതിയ കത്തുകള്,
ബഷീറിന്റെ കത്തുകള്

## സ്മരണ

എം.പി. പോള്, ഓര്മ്മയുടെ അറകള്

## പ്രഭാഷണം

ചെവിയോര്ക്കുക! അന്തിമകാഹളം

## തിരക്കഥ

ഭാര്ഗ്ഗവീനിലയം

## ബാലസാഹിത്യം

സര്പ്പയജ്ഞം

## പലവക

യാ ഇലാഹീ!

ബഷീറിന്റെ കാഴ്ചകള്

●

ബഷീര് സമ്പൂര്ണ്ണകൃതികള് (രണ്ടു വാല്യങ്ങള്)

വൈക്കം മുഹമ്മദ് ബഷീർ

# മതിലുകൾ

ഡി സി ബുക്സ്

MALAYALAM LANGUAGE
Mathilukal

LITRATURE /NOVEL
*by* Vaikom Muhammad Basheer

Rights Reserved
First Published May 1965
First DCB Edition (5th print) March 1983
28th impression April 2016

COVER PHOTOGRAPH
Punalur Rajan

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com , 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Muhammad Basheer, Vaikom.
Mathilukal/ Vaikom Muhammad Basheer.
64p., 18cm.
ISBN 81-713-0016-2.
1. Malayalam novel. I. Title.
8M3*-dc22.
*(This is local variation of DDC number for Malayalam literature: Mathilukal.).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-713-0016-2

63/16-17-Sl.No. 15315-dcb 559-(28)3000-1136-04-16-Itc. 17.0-p rr-r(t) sr-d(t) rk

# മതിലുകള്

## ഉള്ളടക്കം

1

‘മതിലുക’ളുടെ പണിപ്പുരയില്

മതിലുകള്* എന്ന പേരില് ഒരു ചെറിയ പേ്രമകഥ നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ? മുമ്പു പറഞ്ഞതായി ഓര്മ്മ തോന്നുന്നില്ല. 'സ്ത്രീയുടെ ഗന്ധം' അല്ലെങ്കില് 'പെണ്ണിന്റെ മണം' എന്നതിന് ഏതെങ്കിലും ഒരു പേരിടാമെന്നു വിചാരിച്ചു. പിന്നെ ഇങ്ങനെ, ഇപ്പോളങ്ങു പറയുകയാണ്. ശ്രദ്ധിച്ചു കേട്ടുകൊള്ളണം. സംഭവം കുറെ പഴക്കമുള്ളതാണ്. നമ്മള് സാധാരണമായി കാലം എന്നൊക്കെ പറയാറുണ്ടല്ലോ. ആ മഹാകാലത്തിന്റെ അക്കരെ നിന്നുള്ളതാണ്. ഞാനിപ്പോള് ഇക്കരെയാണെന്നോര്ക്കണം. ഏകാന്തമായ ഹൃദയം. അതിന്റെ മഹാതീരത്തുനിന്നു വന്നുചേരുന്ന ഒരു ശോകഗാനമാണിത്.

ഉയര്ന്ന കന്മതിലുകള് ആകാശം മുട്ടുന്ന മാതിരി. അത് എന്നെയും സെന്ട്രല് ജയിലിനെയും ചുറ്റിക്കൊണ്ടങ്ങനെ നില്ക്കുകയാണ്. ഉള്ളില് അനേകം കെട്ടിടങ്ങള്. അനേകം മനുഷ്യര്. തടവുകാരെയെല്ലാം അകത്താക്കിക്കഴിഞ്ഞു. കാര്യമായ ശബ്ദങ്ങളൊന്നുമില്ല. വെളുപ്പിനു തൂക്കിക്കൊല്ലേണ്ടവരുണ്ട്. കാലാവധി തീര്ന്നു നാളെ സ്വതന്ത്രലോകത്തേക്കു പോകുന്നവരുണ്ട്. എങ്കിലും ആകെക്കൂടി ഒരു... ഒരു പ്രശാന്തത.

ഞങ്ങള് നടക്കുകയാണ്; തൂക്കുമരത്തിന്റെ ഏതാണ്ട് അടുത്തുകൂടി. വളരെ വീതിയില്ലാത്ത റോഡ്. ഇടവും വലവും തൊട്ടടുത്തും നെടുനീളത്തില് മതിലുകള്. എന്റെ മുമ്പേ വാര്ഡര്. ജയില്വസ്ത്രങ്ങള് ധരിപ്പിച്ച് എന്നെ ഒരു നമ്പര് ആക്കിയിട്ടു കുറെ മിനിട്ടുകളേ ആയിട്ടുള്ളൂ. കറുത്ത വരയുള്ള വെള്ളത്തൊപ്പി, വെള്ള ഷര്ട്ട്, വെള്ള മുണ്ട്, കിടക്കാനുള്ള ജമുക്കാളം, പുതയ്ക്കാനുള്ള കരിമ്പടം, ഉണ്ണാനും കുടിക്കാനുമുള്ള പാത്രങ്ങള്... എല്ലാറ്റിലുമുണ്ട് നമ്പര്. ഞാനൊരു കന്നിക്കാരനൊന്നുമല്ല. മുമ്പും കുറെ പ്രാവശ്യം ജയിലുകളിലെ നമ്പരുകളായിട്ടുണ്ട്. 'ന്യൂമറോളജി' എന്ന ഒരു പുസ്തകം പണ്ടു വായിച്ച ഓര്മ്മ വെച്ചുകൊണ്ട് എന്റെ പുത്തന് നമ്പര് ഞാനൊന്നു നോക്കി. അക്കങ്ങളെല്ലാം ഒരുമിച്ചു കൂട്ടിനോക്കി. നല്ലത്. ഞാന് ഒമ്പതാണ്!

ഒമ്പതിന്റെ ഫലം എന്തൊക്കെയാണ്? ഈ ജയിലില് അനുഭവപ്പെടാന് പോകുന്ന സംഭവവികാസങ്ങള് എന്തെല്ലാം? ചുമ്മാ ചിന്തിച്ചു. നടപ്പു പതുക്കെയാണ്.

'ഒന്നും വേഗം നടക്കാമോ?' വാര്ഡറുടെ ആജ്ഞ! അതുകേട്ടപ്പോള് എനിക്കങ്ങു ചിരിവന്നു. ചിരിക്കാനുള്ള സന്ദര്ഭങ്ങള് ഒരിക്കലും ഞാന് പാഴാക്കാറില്ല. മാനുഷകുലത്തിനായുള്ള ഈശ്വരന്റെ പ്രത്യേകമായ ഒരനുഗ്രഹമാണ് ഈ ചിരി.

ഞാന് ചോദിച്ചു:

'ഇത്ര ധൃതിയിലെങ്ങോട്ടാണ്... ഈ ഭൂഗോളത്തില്നിന്ന്?'

വാര്ഡര് മിണ്ടിയില്ല, നടക്കുകയാണ്. ഞാന് പറഞ്ഞു:

'എന്നെ വല്ല മാളത്തിലും കൊണ്ടുപോയി അടച്ചിട്ട് ഓടിപ്പോയി വലിയ ഒരു കച്ചവടം നടത്താനുണ്ടല്ലേ?'

എന്താണെന്നുവെച്ചാല് സംഗതി ഒരല്പം ഗൗരവമുള്ളതാണ്. ഒരമ്പതറുപതു

മൈല് ദൂരെ, ഒരു പട്ടണത്തിലെ പ്രധാനപ്പെട്ട ഒരു പോലീസ് ലോക്കപ്പില് എന്നെ തടവില് ഇട്ടിരിക്കുകയായിരുന്നു; ഒരു പതിനൊന്നോ, പതിന്നാലോ മാസം. കേസെടുക്കുകയില്ല. ചുമ്മാ ഇട്ടിരിക്കുന്നു! പോലീസ് ഇന്സ്പെക്ടറുടെ ഉപദേശമനുസരിച്ച് ഞാന് ബഹളമുണ്ടാക്കി. പട്ടിണി കിടന്നു. എന്നു പറഞ്ഞാല് നിരാഹാരവ്രതസത്യാഗ്രഹം! അങ്ങനെ കേസെടുപ്പിച്ചു. ശിക്ഷ വാങ്ങിച്ചു. ഒരേ കുടുംബത്തിലെ അംഗമെന്ന നിലയിലാണു ഞാന് ആ പോലീസ് ലോക്കപ്പില് പത്തുനൂറു പോലീസുകാരുടെയും ഇന്സ്പെക്ടറുടെയും മേല്നോട്ടത്തില് കഴിഞ്ഞത്. എന്റെ വലതുകൈ, നടുവിരലിന്റെ അറ്റംമുതല് ഉരംവരെ അടിച്ചുതകര്ത്തു പഞ്ഞിയാക്കിക്കളയും! എന്നോ മറ്റോ കുറെ റിസര്വ് പോലീസുകാര് പറഞ്ഞിരുന്നു, എന്റെ മാതാപിതാക്കളോടും സഹോദരീസഹോദരന്മാരോടും. സത്യത്തില് പോലീസുകാരല്ല പറഞ്ഞത്. ഒരു മജിസ്ട്രേട്ടാണ്! പോലീസുകാരുള്ള മൂച്ച്! എന്നെ അറസ്റ്റ് ചെയ്യാന് വീടുവളഞ്ഞ സന്ദര്ഭം. ഞാന് അവിടെ ഉണ്ടായിരുന്നില്ല. ഒടുവില് എന്നെ പിടിച്ചു. ആരും എന്നെ തല്ലിയില്ല. പോലീസുകാരില് പലരും എന്റെ ശിഷ്യന്മാരായിത്തീര്ന്ന മട്ടിലായി. ഒരു ഹെഡ്കോണ്സ്റ്റബിളിന്റെ പ്രൗഢിയായിരുന്നു എനിക്കവിടെ. ലോക്കപ്പില് കിടന്നു ഞാന് കുറെ പോലീസുകഥകളുമെഴുതി. കടലാസും പെന്സിലും പോലീസ് ഇന്സ്പെക്ടര് തന്നതാണ്.

ഞാന് അവിടെനിന്ന് എല്ലാവരോടും യാത്ര പറഞ്ഞിറങ്ങി. കൂടെ രണ്ടു പോലീസുകാരുമുണ്ടായിരുന്നു. അവരുടെ കൈയില് രണ്ടു തോക്കുകളുമുണ്ടായിരുന്നു. പോക്കറ്റില് കൈവിലങ്ങും. അവരാണു സെന്ട്രല് ജയിലില് എന്നെക്കൊണ്ടേല്പിച്ചത്. ഇപ്പറഞ്ഞതൊന്നുമല്ല സംഗതി. ആ പോലീസുകാര് എനിക്കു രണ്ടു കെട്ടു ബീഡിയും ഒരു തീപ്പെട്ടിയും ഒരു പുത്തന് ബ്ലേഡും വാങ്ങിച്ചു തന്നിട്ടുണ്ടായിരുന്നു. 'ഇതൊന്നും ജയിലില് അനുവദിക്കാന് പാടില്ല' എന്നുള്ള സുന്ദരമായ പ്രസ്താവനയോടെ എന്റെ പോക്കറ്റില്നിന്നും വാര്ഡര് അതെല്ലാം എടുത്തു. എന്നിട്ടു തന്റെ മഹോന്നതമായ തൊപ്പിയെടുത്ത് അതിനുള്ളിലാക്കിയിട്ടു പഴന്തുണിവെച്ചു മൂടി തലയില് കമഴ്ത്തി ഒന്നും സംഭവിച്ചിട്ടില്ലാത്ത മാതിരി നടക്കുകയാണ്, പരമദ്രോഹി! നടക്കട്ടെ!

ആ ബ്ലേഡെന്തിനാണെന്നോ! നിങ്ങള് ഉദ്ദേശിക്കുന്നതിനൊന്നുമല്ല. തീപ്പെട്ടിക്കോലുകള് രണ്ടായിട്ടു കീറാനാണ്. ആറായിട്ടു കീറുന്ന മഹാകലാകാരന്മാരെ മുമ്പ് ഈയുള്ളവന് കണ്ടിട്ടുണ്ട്. ബ്ലേഡുകൊണ്ടു വേറെയുമുണ്ടു പണി. ജയിലില് തീപ്പെട്ടി സുലഭമായി കിട്ടിയെന്നു വരില്ല. അതിനു കാശു വേണമല്ലോ. അതു നമ്മുടെ പക്കലില്ല. ആ ബ്ലേഡിനെ ഒരു 'ചക്കി' യാക്കാം. അവനെ ഒറ്റയ്ക്കു ചക്കി എന്നു പറയുക നിഷിദ്ധം. ചക്കിയുടെ ജനനം താഴെ പറയുന്ന പ്രകാരമാണ്:

സര്ക്കാര് കിടക്കാന് തന്നിട്ടുള്ള ജമുക്കാളമുണ്ട്. അതിന്റെ നൂല് ഒരു രണ്ടു വിരല്വണ്ണത്തില് സംഭരിക്കുക. നീളം കൈപ്പത്തിയുടേതു മതി. ഒരു രണ്ടിഞ്ചു തല വെച്ചൊന്നു കെട്ടണം. എന്നിട്ട് ആ തല നല്ലവണ്ണം തീകൊളുത്തി കരിക്കുക. കരിയുള്ള ഭാഗം ഒരു തുകല്ക്കഷണം രണ്ടുമൂന്നായി മടക്കി അതില്വെച്ചു കെട്ടുകയാണു വലിയ കലാകാരന്മാര് ചെയ്യുക. നമ്മെപ്പോലുള്ള ദരിദ്രകലാകാരനു പ്ലാവില കിട്ടിയാലും മതിയാകും. ഇനി നമുക്കു വേണ്ടത് ഒരു ചെറിയ ഉരുക്കുകഷണമാണ്. അത് എവിടെ കിട്ടും? ഉരുക്കുകഷണംതന്നെയല്ല ബീഡി, തീപ്പെട്ടി, കഞ്ചാവ്, ചാരായം, ചക്കര എന്നു

വേണ്ട ഒരുവിധം ആവശ്യമുള്ളതെല്ലാം ജയിലില് കിട്ടും. അതിനൊക്കെ കാശു വേണം. ഒരു ബ്േലഡ് കൈയിലുണ്ടെങ്കില് അതു സിമന്റുതറയിലോ, കരിങ്കല്ലിലോ ഉരച്ചാല് തീപ്പൊരിയുണ്ടാകും. ആ തീപ്പൊരി മറ്റവന്റെ കരിഞ്ഞ തലയില്ക്കൊണ്ടാല് തീ സുലഭം! ബ്േലഡ് ഒരു കഷണം മരക്കമ്പില് ആഴ്ത്തി, വാല്ത്തല ശകലം മാത്രം വെളിയിലാക്കി വെക്കണം. ഇത്രയും വിശേഷങ്ങളാണ് ആ വാര്ഡര്മഹാന്റെ മഹത്തായ തൊപ്പിക്കുള്ളിലിരിക്കുന്നത്!

ഞാന് പറഞ്ഞു:

'പോലീസുകാര് ദരിദ്രവാസികളല്ല!'

വാര്ഡര് കേട്ടില്േല? അയാള് മിണ്ടാതെ നടക്കുകയാണ്. എല്ലാം അയാള് വില്ക്കും. മക്കള്ക്കും മക്കളുടെ മക്കള്ക്കും ആചന്ദ്രതാരം തിന്നാനുള്ള വക ദരിദ്രവാസി ഇപ്പോള് സമ്പാദിച്ചുകഴിഞ്ഞു!

ഞാന് ചോദിച്ചു:

'വാര്ഡര്ക്കു മക്കളെത്രയുണ്ട്?'

മനോരാജ്യത്തില്നിന്നുണര്ന്ന് വാര്ഡര് പറഞ്ഞു:

'ആറ്. അഞ്ചു പെണ്ണും ഒരാണും.'

പാവം വാര്ഡര്! അഞ്ചു പെണ്ണേ!

ഞാന് ചോദിച്ചു:

'കുഞ്ഞുങ്ങള്ക്കും തള്ളയ്ക്കുമെല്ലാം സുഖംതന്നെ അല്േല?'

'അതെയതെ.' വാര്ഡര് പറഞ്ഞു: 'വേഗം നടക്ക്!' ധൃതിയുടെ രഹസ്യം സ്പഷ്ടാല് സ്പഷ്ടം!

ഞാന് ചോദിച്ചു:

'നിങ്ങള് മരിച്ചുപോയാല് അവരുടെ സ്ഥിതി എന്ത്?'

വാര്ഡര് പറഞ്ഞു:

'ദൈവം രക്ഷിക്കും.'

ഞാന് പറഞ്ഞു:

'എനിക്കു സംശയമാണ്.'

വാര്ഡര് ചോദിച്ചു:

'അതെന്താ?'

ഞാന് പറഞ്ഞു:

'ദിവ്യജ്ഞാനം....! എങ്ങനെ കിട്ടി എന്നു പറയാം. ഞാന് പണ്ട് ഒരു സന്ന്യാസിയായിരുന്നു. ഞാന് ചെന്നു താമസിച്ചിട്ടില്ലാത്ത വിശുദ്ധ മസ്ജിദുകള്, പുണ്യക്ഷേത്രങ്ങള് ഇന്ത്യയിലില്ല. ചെന്നു കുളിച്ചിട്ടില്ലാത്ത പുണ്യനദികളുമില്ല. കൊടുമുടികള്, താഴ്വരകള്, വനാന്തരങ്ങള്, മരുഭൂമികള്, കടലോരങ്ങള്, തകര്ന്നടിഞ്ഞ ദേവാലയങ്ങള്'

'അതുകൊണ്ട്?'

'ദൈവം നിങ്ങളെ വെറുതെ വിടുകില്ല!'

വാര്ഡര് പറഞ്ഞു:

'ഞാന് തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ?'

ഞാന് ചോദിച്ചു:

'ഇന്നു വാര്ഡര് നടത്തിയ ഭയങ്കര തീവെട്ടിക്കൊള്ളയോ?'

വാര്ഡര്ക്ക് അത്ഭുതം തോന്നി. അയാള് ചോദിച്ചു:

'ഇന്നു ഞാന് എന്തു തീവെട്ടിക്കൊള്ള നടത്തി?'

ഞാന് പറഞ്ഞു:

'വാര്ഡര് മരിക്കുന്നു. ആത്മാവ് ദൈവത്തിന്റെ മഹാസന്നിധിയില് ചെല്ലുന്നു. ദൈവം ചോദിക്കുന്നു: 'ദരിദ്രവാസിയായ ഹേ ജയില്വാര്ഡറേ....! ആ പാവപ്പെട്ട ബഷീറിന്റെ ഒരു ബ്ലേഡും ഒരു തീപ്പെട്ടിയും രണ്ടു കെട്ടു ബീഡിയും എവിടെ?'

വാര്ഡര് മിണ്ടുന്നില്ല. നില്ക്കുകയാണ്. ഞാന് പറഞ്ഞു:

'വരൂ, വരൂ! എന്നെക്കൊണ്ടുപോയി കൂട്ടിലടച്ചിട്ടു കച്ചവടത്തിനു പോകണ്ടേ?'

വാര്ഡര് അനങ്ങുന്നില്ല. മിണ്ടുന്നില്ല. അയാള് പതുക്കെ കുലുങ്ങിക്കുലുങ്ങി ചിരിച്ചുകൊണ്ടു തൊപ്പി ഊരി. എന്നിട്ട് എന്റെ സ്വത്തുക്കള് എല്ലാം തിരിയെത്തന്നു.

'നല്ല വാര്ഡര്!' ഞാന് പറഞ്ഞു: 'ഗാന്ധിജി നിരാഹാരവ്രതത്താല് മരണശയ്യയിലാണെന്ന് ഇന്നു കാലത്തും ആ പോലീസ് ഇന്സ്പെക്ടര് എന്നോടു പറഞ്ഞു. വാര്ഡര് വല്ല വിശേഷവും കേട്ടോ?'

വാര്ഡര് പറഞ്ഞു:

'അദ്ദേഹം നിരാഹാരവ്രതം അവസാനിപ്പിച്ച് മധുരനാരങ്ങനീരു കുടിച്ചു.'

സന്തോഷം. മോഹന്ദാസ് കരംചന്ദ് ഗാന്ധി നീണാള് ജീവിക്കട്ടെ! എല്ലാ മനുഷ്യരും!

ഞങ്ങള് പല ഇരുമ്പുവാതിലുകളും കടന്നങ്ങനെ പൊയ്ക്കൊണ്ടിരുന്നു. മതിലുകള്! മതിലുകള്!

ഞാന് ചോദിച്ചു:

'ഇപ്പോള് ഈ ജയിലില് രാഷ്ട്രീയത്തടവുകാരായി എത്ര പേരുണ്ട്?'

'നിങ്ങളെ കൊണ്ടുപോകുന്നിടത്തു പതിനേഴു പേരുണ്ട്. നിങ്ങളും ചേര്ന്ന് പതിനെട്ടാകും.'

അതു ശരി. ഒരു പ്രത്യേക സ്ഥലത്തേക്കാണല്ലേ കൊണ്ടുപോകുന്നത്? സര്ക്കാര് ഈയുള്ളവനെ വേണ്ടത്ര ഗൗരവത്തോടുകൂടിത്തന്നെ വീക്ഷിക്കുന്നുണ്ട്. നല്ലത്!

അങ്ങനെ നടക്കുമ്പോള് ഈ ലോകത്തില്വെച്ച് ഏറ്റവും മാദകമായ പരിമളം:

സ്ത്രീയുടെ ഗന്ധം! പെണ്ണിന്റെ മണം!

ഞാന് ആകെ ഇളകിപ്പോയി. എന്റെ ഓരോ അണുക്കളും ഉണര്ന്നു. എന്റെ നാസാരന്ധ്രങ്ങള് വിടര്ന്നു. ഞാന് ഈ ലോകത്തെ മുഴുവനും എന്നിലേക്ക്... എന്നിലേക്കു വലിച്ചു.

എവിടെ അവള്?

ഞാന് ചുറ്റിനും നോക്കി. ആരുമില്ല! ഒന്നുമില്ല!

അങ്ങനെ നടക്കുമ്പോള് ഈ ലോകത്തില് വച്ച് ഏറ്റവും മനോഹരമായ ശബ്ദം:

സ്ത്രീയുടെ ചിരി!

ഈ ശബ്ദവും ഗന്ധവും ഒരുമിച്ചുവന്നതാണോ? അതോ ഒന്നില്നിന്നു മറ്റൊന്നു ഞാന് ഭാവന ചെയ്തതോ?

സ്ത്രീ എന്ന അത്ഭുതസൃഷ്ടിയെ ഞാന് മറന്നിരിക്കുകയായിരുന്നു; മറന്നിരിക്കയായിരുന്നു.

ഞാന് കേട്ട ചിരി സത്യം! എന്നിലേക്കു പാഞ്ഞു വന്ന ഗന്ധവും സത്യം!

ഞാന് പറയുന്നതു സോപ്പിന്റെ ഗന്ധമല്ല. ഇഞ്ചയുടെയോ, താളിയുടെയോ, എണ്ണയുടെയോ ഗന്ധമല്ല. പൗഡറും വിയര്പ്പും കൂടിക്കലര്ന്ന ഗന്ധവുമല്ല. സാക്ഷാല് സ്ത്രീയുടെ അതിശയകരമായ ഗന്ധം!

ഇതെവിടെനിന്ന്... ആ ചിരിയോ?

ആ ഗന്ധം പിന്നെയും ഞാന് ഓര്ത്തു... എനിക്കാകെ ഒരു ശ്വാസംമുട്ടലുപോലെ. നാസാരന്ധ്രങ്ങള് വീണ്ടും വീണ്ടും വിടര്ന്നു. ഹൃദയം ഉത്കണ്ഠയോടെ പൊട്ടാന് പോകുന്നതുപോലെ. പെണ്ണേ നീ എവിടെ?

ഞാന് ചോദിച്ചു:

'ആ കേട്ട പെണ്ണിന്റെ ചിരി എവിടെനിന്ന്?'

വാര്ഡര് പരിഹസിക്കുന്ന മട്ടില് ചോദിച്ചു:

'കല്യാണം കഴിച്ചിട്ടില്ലേ?'

ഞാന് പറഞ്ഞു:

'ഇല്ല... പക്ഷേ, എന്റെ ചോദ്യവുമായി ഈ കല്യാണക്കാര്യത്തിനെന്തു ബന്ധം?'

'അതെല്ലാം ശ്രദ്ധിക്കുന്നതെന്തിന്?'

'ഭീതി ജനിപ്പിക്കുന്ന സെന്ട്രല് ജയിലിനകത്ത്... കൊല്ലുന്ന തൂക്കുമരത്തിന്റെ പരിസരത്തുവെച്ച്... ഒരു സ്ത്രീയുടെ ചിരി കേട്ടു. അതിനുടനെ ഞാന് കല്യാണം കഴിക്കണം! എന്നാല് മാത്രമേ അതെവിടെനിന്നാണെന്നു ചോദിക്കാന് എനിക്ക് അവകാശമുള്ളൂ? നല്ല ന്യായം!'

വാര്ഡര് ചിരിച്ചു. അയാള് പറഞ്ഞു:

'അതു പെണ്ജയിലില്നിന്നാണ്. അതിന്റെ തൊട്ടടുത്താണു നിങ്ങള് താമസിക്കാന് പോകുന്നത്.'

ഇടയ്ക്ക് ഒരു മതിലേയുള്ളൂ.

ശിക്ഷ എത്ര കാലം!

'രണ്ടു കൊല്ലം കഠിനതടവും ആയിരം രൂപാ പിഴയും. പിഴ ഒടുക്കിയില്ലെങ്കില് മണ്ണുചുമട് ആറു മാസംകൂടി! എനിക്കും പെണ്ജയിലിനുമിടയ്ക്ക് ഒരു മതില് മാത്രമേ ഉണ്ടായിരിക്കൂ. അല്ലേ?'

മതില്... പെണ്ജയില്. തങ്കക്കുടങ്ങളേ!

ഞങ്ങള് നടന്നു. ജമുക്കാളവും കരിമ്പടവും ഞാന് എന്റെ ഹൃദയത്തോടടുപ്പിച്ചു. ഇരുമ്പഴിവാതില് തുറന്നു ഞങ്ങള് ഒരു പ്രത്യേക മതില്ക്കെട്ടിനുള്ളില് കടന്നു. വളരെ വൃക്ഷങ്ങള്. അധികവും പ്ലാവാണ്. കുറെ കോട്ടേജുകള്. കിഴക്കോട്ടു

തിരിഞ്ഞുനില്ക്കുമ്പോള് ദൂരെയായി ഇരുവശവും ഓരോ വന്മതിലുകള്. വലതുവശത്തെ മതിലിനപ്പുറം വിശാലമായ സ്വതന്ത്രലോകം. ഇടതുവശത്തെ മതിലിനപ്പുറത്ത്.... പെണ്ജയില്.

ഈ കോട്ടേജുകളോരോന്നും ചെറുമതിലുകളാല് ചുറ്റപ്പെട്ട ലോകപ്പുകളാണ്.

എന്നെ അവിടെയുള്ള വാര്ഡര് ഏറ്റുവാങ്ങി. കൂടെ വന്ന വാര്ഡറെ ഞാന് തൊഴുതു. അയാള് എന്നെയും തൊഴുതിട്ടുപോയി. നല്ല വാര്ഡര്. ദൈവം രക്ഷിക്കട്ടെ!

പുത്തന് വാര്ഡര് എന്നെ ഒരു കോട്ടേജിലേക്കു കൊണ്ടുപോയി. അതിന്റെ ഇരുമ്പുവാതില് തുറന്നു. വളരെ ചെറിയ ഒരു മുറി. മുറിക്കു വെളിയില് ഒരു വശത്തു ദൂരെ കക്കൂസ്. വാതിലിനടുത്തെന്നവണ്ണം പൈപ്പ്. ഞാന് ആ പൈപ്പു തുറന്നു കൈകാല്മുഖം കഴുകി. കുറെ വെള്ളം കുടിച്ച് ഒരു പാത്രത്തില് വെള്ളവുമായി ഈശ്വരനാമം ഉച്ചരിച്ചുകൊണ്ടു വലതുകാല്വച്ചു ചെറുജയിലിന്റെ അകത്തു കയറി.

മതിലുകളുടെ, മതിലുകളുടെ, അനേകമനേകം മതിലുകളുടെ അകത്താണു ഞാന്.

വാര്ഡര് ഇരുമ്പഴിവാതില് അടച്ചു താഴിട്ടു പൂട്ടി.

ഞാന് പറഞ്ഞു:

'പൊന്നുസര്ക്കാരിന്റെ ഈ പുതിയ അഗതിക്ക് അത്താഴം തന്നില്ല!'

വാര്ഡര് പറഞ്ഞു:

'ഇന്നത്തെ കണക്കിലല്ല നിങ്ങള് വന്നത്. നാളെ കാലത്തുമുതല് കിട്ടും!'

ഞാന് പറഞ്ഞു:

'എന്നാല്, എന്നെ തുറന്നുവിടൂ. നാളത്തെ കണക്കില് വരാം!'

വാര്ഡര് ചോദിച്ചു:

'കേസ്സെന്താണ്?'

ഞാന് പറഞ്ഞു:

'എഴുത്ത്... രാജദ്രോഹം.'

വാര്ഡര് ഞെട്ടിത്തെറിച്ച മട്ടില് പറഞ്ഞു:

'രാജദ്രോഹം....! ശ്രീപത്മനാഭാ! രക്ഷിക്കണേ! * രാജഭക്തന്! ലോകപ്പിന്റെ കമ്പിയഴിവാതിലിനു വെളിയിലായി മുകളില് ഭയങ്കര വെളിച്ചമുള്ള ഒരു ബള്ബ് തെളിഞ്ഞു. വാര്ഡര് പോയി. പ്രപഞ്ചമാകുന്ന മഹാജയിലിനുള്ളിലെ ചെറിയ ജയിലില് ഞാന് തനിച്ച്.

ഞാനും അനന്തതയും!

ഞാന് ജമുക്കാളം ശരിപ്പെടുത്തി. പാത്രങ്ങള് മൂലയില് വെച്ചു. സന്ധ്യ മയങ്ങിവരികയാണ്. ഞാനും ലോകപ്പിനകവും നല്ല വെളിച്ചത്തിലാണ്. ഞാന് ഇന്നത്തെ കണക്കിലുള്ളവനുമല്ല! ദൈവമേ, അതുകൊണ്ടു രാത്രി പട്ടിണികിടക്കണം. എന്തെങ്കിലും ആഹാരം വരുത്താന് നന്നായി എനിക്കറിയാം. ഇരുമ്പുവാതില് പിടിച്ചു ഭയങ്കരമായി കുലുക്കി വാര്ഡറെ വിളിച്ചുകൂവി ബഹളമുണ്ടാക്കാം. ജയിലര്, സൂപ്രണ്ട് മുതലായവരെ വരുത്തുകയും ചെയ്യാം. അങ്ങനെ ആഹാരം കിട്ടും. ഞാന് വിചാരിച്ചു, വേണ്ട. സാഹിത്യത്തിന്റെ പേരില് എന്തെങ്കിലുമൊക്കെ ചെറിയ ത്യാഗം അനുഷ്ഠിക്കണമല്ലോ. നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി കുറെ ഏറെ

അടിഇടിയൊക്കെ വാങ്ങിച്ചിട്ടുണ്ട്. വളരെ ദയവോടെ തോക്കിന്റെ പാത്തികൊണ്ട് എന്റെ നെഞ്ചത്തിടിച്ച് എന്നെ പതുക്കെ വീഴ്ത്തിയിട്ടുണ്ട്. തെരുവിലൂടെ വലിച്ചിഴച്ചു കൊണ്ടുപോയിട്ടുണ്ട്. അങ്ങനെ കുറെ പ്രാവശ്യം ജയിലിലും കിടന്നു. ഇനിയോ?

ഇപ്പോഴത്തെ ഈ ജയില്വാസം സാക്ഷാല് സാഹിത്യത്തിനു വേണ്ടിയത്രെ...! രാഷ്ട്രീയവുമുണ്ട്. ഓര്ത്തപ്പോള് ശകലം അഭിമാനമൊക്കെ തോന്നി. കുറെ വെള്ളം കുടിച്ചു.

ബ്ലേഡ് എടുത്തു തീപ്പെട്ടിക്കമ്പു രണ്ടായി പിളര്ക്കാന് മറന്നു. ഒരു മുഴുവന് കോലുതന്നെ കത്തിച്ചു രാജകീയമട്ടില് ഒരു ബീഡി വലിച്ചു. അഞ്ചാറു വലി വലിച്ചതിനുശേഷം ബീഡി കെടുത്തിവെച്ചു. ധൂര്ത്തു നല്ലതല്ല!

അങ്ങനെ ഇരുന്നു ഞാന് ശ്രദ്ധിച്ചു. സ്ത്രീയുടെ ചിരി കേള്ക്കുന്നില്ല! പെണ്ണിന്റെ മണം അനുഭവപ്പെടുന്നില്ല! എന്താണു കാരണം? ഞാനിരിക്കുന്നത് പെണ്ജയിലിന് അടുത്താണുതാനും. നീ എവിടെയാണ് പെണ്ണേ?

പെണ്ണിന്റെ ആ, ആദിമമായ മണം—ഒരുപക്ഷേ, എന്റെ ഭാവനയായിരിക്കുമോ....? പണ്ട്... അനന്തകോടി മന്വന്തരങ്ങള്ക്കു മുമ്പ്... ആദമായി ഏദന്തോട്ടത്തില് ഉണര്ന്നപ്പോള് അനുഭവപ്പെട്ട ഹവ്വയുടെ അത്ഭുതകരമായ മണം.....! എന്റെ ആത്മാവില് സംഭരിച്ചു വെച്ചിരുന്നതായിരിക്കാം... മരുഭൂമിയില് ദാഹിച്ചുവലഞ്ഞു തളര്ന്ന യാത്രക്കാരന് കാണുന്ന തെളിനീര്ത്തടാകം—വെറും മരീചിക... അതുപോലെ എല്ലാം മാഞ്ഞുപോയി. പക്ഷേ, ഉണര്ന്ന ആത്മാവ്... വിടര്ന്ന നാസാരന്ധ്രങ്ങള്... പൊട്ടാന് പോകുന്ന ഹൃദയം... പെണ്ണേ!

എവിടെ ആ മനോഹരശബ്ദം...? എവിടെ എവിടെ ആ മാദകപരിമളം?

ഞാന് ഇരുമ്പഴികളിലൂടെ വെളിയിലേക്കു നോക്കി. വെളിച്ചത്തിന്റെ ഉഗ്രത കാരണം ഒന്നും കാണാന് വയ്യ. ലോകത്തെ ഇരുള് മൂടിക്കഴിഞ്ഞു. എന്നാല്, ഇരുട്ടിനെ ശരിക്കു കാണാനും വയ്യ.

ഒന്നു മനസ്സിലായി. ഞാനിതുവരെ ഇരുട്ടു കണ്ടിട്ടില്ല....! ഒന്നും കാണാന് കഴിയാത്ത അത്ഭുതകരമായ ആദിമമായ കൂരിരുളേ! അന്തമില്ലാത്ത ആകാശവിശാലതയില് മിന്നി, മിന്നിത്തിളങ്ങുന്ന നക്ഷത്രകോടികളേ! ചന്ദ്രികാചര്ച്ചിതമായ മോഹന, മോഹനരാവേ!

നിങ്ങളെ... നിങ്ങളെ ഞാനിതുവരെ കണ്ടിട്ടില്ലല്ലോ...?

ഇതു ശരിയല്ല! കണ്ടിട്ടുണ്ട്. എല്ലാം ഞാന് കണ്ടിട്ടുണ്ട്. വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്നു മാത്രം. രാത്രിയുടെയും മറ്റും സൗന്ദര്യം ആരു വകവെക്കുന്നു! ആരു ശ്രദ്ധിക്കുന്നു?

യാമിനീ!

ഓര്ത്തപ്പോള് പണ്ടത്തെ ഒരു സുന്ദരരാത്രി ഓര്മ വന്നു. ഒരു ചെറുഗ്രാമം. പിന്നെയങ്ങോട്ട് ആയിരമായിരം മൈല് വെറും പൊടിമണല് നിറഞ്ഞ മരുഭൂമി. ചക്രവാളം, മഹാചക്രവാളം നിറയെ. ഇതുപോലുള്ള ഒരു സന്ധ്യ. ഞാന് ആ മരുഭൂമിയിലേക്കിറങ്ങി. ഏതാണ്ട് ഒരു മൈല് നടന്നുകാണും... ചുറ്റും വെണ്പട്ടുവിരിച്ചതുപോലെ.... മണല്പ്പരപ്പുമാത്രം. ഞാന് ആ മഹാപ്രപഞ്ചത്തിന്റെ ഒത്ത നടുക്കു തനിച്ച്... തനിച്ച്... തലയ്ക്കു മീതെ കൈയെത്തിച്ചു തൊടാവുന്ന ഉയരത്തില് തെളിവേറിയ പൂര്ണചന്ദ്രന്.

കഴുകി വെടിപ്പാക്കിയ നീലാകാശം.

പൂര്ണചന്ദ്രനും നക്ഷത്രങ്ങളും.

വളരെ മുഴപ്പോടെ തിളങ്ങുന്ന നക്ഷത്രങ്ങള്. കോടി.... അനന്തകോടി.... എണ്ണമില്ലാത്ത നക്ഷത്രങ്ങള്.

പൂര്ണവൃത്തത്തില് ചന്ദ്രന്.

നിശ്ശബ്ദപ്രപഞ്ചം.... എന്നാല്.... എന്തോ.... ഏതോ ദിവ്യമായ നിശ്ശബ്ദസംഗീതംപോലെ... നാദബ്രഹ്മത്തിന്റെ അനന്തമായ വിഭ്രമം... എല്ലാം അതില് മുഴുകിപ്പോയിരിക്കുന്നു. ആനന്ദാദ്ഭുതത്തോടെ ഞാന് നിന്നു. എന്റെ അദ്ഭുതവും ആനന്ദവും കണ്ണുനീരായി മാറി. ഞാന് കരഞ്ഞു. ആവതില്ലാതെ ഞാന് കരഞ്ഞുകൊണ്ട് മനുഷ്യരുടെ ഇടയിലേക്ക് ഓടി.

'ലോകാലോകങ്ങളുടെ സ്രഷ്ടാവേ...! എന്നെ രക്ഷിക്ക്. എനിക്കിതെന്നില് ഉള്ക്കൊള്ളാന് തീരെ കഴിയുന്നില്ല. നിന്റെ ഈ മഹാപ്രാഭവം...ഈ മഹാത്ഭുതം... ഞാന് വളരെ ചെറിയ ഒരു ജീവിയാണല്ലോ. എനിക്കു വയ്യ; എന്നെ രക്ഷിക്ക്!'

പിന്നീടെനിക്ക് ഓര്മവരുന്നത് ജയില് വാര്ഡര് രാവിലെ വന്നു താഴു തുറന്ന് ഇരുമ്പഴികളില് പിടിച്ച് ഒന്നു കുലുക്കിയപ്പോഴാണ്.

'സെലാം പ്രപഞ്ചമേ!' ഞാന് എണീറ്റു. കഷണം ബീഡിയും കത്തിച്ചു പോയി രാജകീയമട്ടില്ത്തന്നെ പ്രഭാതകൃത്യങ്ങള് ആരംഭിച്ചു.

പല്ലു തേച്ചത് ഒരു ആര്യവേപ്പിന്റെ കമ്പുകൊണ്ടാണ്. പണ്ട് ഞാന് ഹിമാലയസാനുക്കളില് ഇതുപോലെ ആര്യവേപ്പിന്കമ്പുകൊണ്ടു പല്ലുകള് വൃത്തിയാക്കിയിരുന്നു. പൈപ്പിനു താഴെ നിന്നു രാജകീയമട്ടില്ത്തന്നെ കുളിച്ചു. എന്നിട്ട് ജയില് ഉടുപ്പുകള് ധരിച്ച് കഞ്ഞിക്കുള്ള പാത്രം എടുത്തു കഴുകിയിട്ട് നേതാക്കന്മാരെ കാണാന് പോയി. അവിടെയുള്ളവരെല്ലാംതന്നെ നേതാക്കന്മാരാണ്. എല്ലാവരെയും കണ്ടുകഴിഞ്ഞപ്പോള് വലിയ ഒരു പാത്രത്തില് കഞ്ഞി വന്നു. സമൃദ്ധമായി ചട്ട്ണിയും ചേര്ത്തു കഞ്ഞി കുടിച്ചു. വാസ്തവത്തില് കഴിച്ചത് 'കഞ്ചോ' യാണ്. ഈ കഞ്ചോയുടെ വിധി ശരിക്കു പറയാം. കഞ്ഞിവെള്ളം ആദ്യം കുറെയേറെ അങ്ങുവലിച്ചുകുടിക്കുക. എന്നിട്ട് ചട്ട്ണിയിട്ടു കുഴച്ചു സ്റ്റൈലനായി വാരിവാരി ചോറ് ഉണ്ണുക. അതിനുശേഷം കൈയ്, വായ്, പാത്രം ഒക്കെ കഴുകണം. അതിനുശേഷം പച്ചവെള്ളം ലേശംകൂടി കുടിക്കുക... ജീവിതം പരമസുഖം! ഇങ്ങനെ സുഖം വരുത്തിയതിനുശേഷം ഒരു തീപ്പെട്ടിക്കോല് രണ്ടായി കീറി ഒരു ബീഡി കത്തിച്ചു വലിച്ചു. അതു കെടുത്തിവെച്ചിട്ട് ജയിലിനകത്തെ ലോകം കാണാന് ഇറങ്ങി. എന്നുവച്ചാല് ജയില് ആകെ ഒന്നു സന്ദര്ശിക്കാന്തന്നെ. എനിക്കു തേയില വേണം. പഞ്ചസാര വേണം. ജയിലാണെങ്കിലും ശകലം ചായ കുടിക്കണം. കടുംചായ മതി. നേതാക്കന്മാരുടെ പക്കല് തേയിലയുമില്ല, പഞ്ചസാരയുമില്ല. ഒരുഗ്രന് നേതാവിന്റെ കൈയില് രഹസ്യമായി 'ഇനോസ് ഫ്രൂട്ട്സാള്ട്ട്' ഉണ്ട്. അതില്ലാതെ അദ്ദേഹത്തിനു പ്രഭാതകൃത്യങ്ങള് ആരംഭിക്കാന് തന്നെ വയ്യ. വേറൊരു മൊശടന് നേതാവിന്റെ പക്കല് രഹസ്യമായുള്ളത് കാറല് മാര്ക്സിന്റെ 'ക്യാപ്പിറ്റല്' എന്ന തകര്പ്പന് പുസ്തകമാണ്. വേറൊരു രസികന് നേതാവിന്റെ പക്കല് രഹസ്യമായി രണ്ടുകുത്തു ചീട്ടുകളുണ്ട്; എന്നെ ബ്രിഡ്ജ് എന്ന അദ്ഭുതകളി പഠിപ്പിക്കാം!

ഞാന് നേതാക്കന്മാരെ വര്ജിച്ചു.

ഒരു മാസം കഴിഞ്ഞപ്പോള് രാജകീയനിലയില് 'ഡീലക്സ് ലൈഫ്' ആണ് നമ്മുടേത്!

നമ്മുടെ കൂടിന്റെ മൂലയില് രണ്ടിഷ്ടികകളുണ്ട്. അടുത്തുതന്നെ പ്ലാവിന്റെ വണ്ണം കുറഞ്ഞ ഉണക്കക്കൊമ്പുകള് ഒരു കെട്ട്. അതിനടുത്ത് ഒരു ചെറിയ പാത്രം. ചായ ഉണ്ടാക്കാനാണ്. തേയിലയും പഞ്ചസാരയും രണ്ടു കടലാസുകെട്ടുകളില് കിടക്കയുടെ അടിയില് ചെറുതലയിണകളായി പ്രശോഭിക്കുന്നു. പിന്നെ ഒരു ഡീലക്സ് ചക്കി. ഇഷ്ടംപോലെ ബീഡി. എഴുതാനുള്ള കടലാസുകള്. പെന്സില്. ഒരു വലിയ കത്തി. ഈ കത്തി ജയില്സൂപ്രണ്ട് സദയം എനിക്കു പ്രത്യേകമായി അനുവദിച്ചുതന്നതാണ്... മാവ് പതിവെക്കുക, ഒട്ടിക്കുക, ചെടികള് നട്ടുവളര്ത്തുക എന്നീ കലയില് നൈപുണ്യമുണ്ടെന്ന് അദ്ദേഹത്തിനു മനസ്സിലായി. എന്റെ ലോക്കപ്പെന്ന ചെറുജയിലിന്റെ നേരെ മുന്വശത്തു ദീര്ഘചതുരത്തില് ഒരു മുറ്റമുണ്ടാക്കിയിട്ടുണ്ട്. മുറ്റത്തിന്റെ അതിരുകള് മുഴുവനും വിടര്ന്നു പരിമളം പരത്തുന്ന പനിനീര്ച്ചെടികളാണ്. പിന്നെ ഊണിനു മീന് വറുത്തത്, കോഴിമുട്ട, കരള്, ഒരു സ്പെഷ്യല് ചട്ട്ണി... ഈ ഐശ്വര്യപൂര്ണമായ രാജകീയജീവിതത്തിന്റെ തുടക്കം രാവിലെ കഞ്ഞി കൊണ്ടുവരുന്ന മഹാന്മുതലാണ്. അദ്ദേഹം ഒരു ചുവന്ന തൊപ്പിക്കാരനാകുന്നു. എന്നു പറഞ്ഞാല് ഒരാളെ കൊന്നിട്ടുണ്ട്! തൂക്കിലിട്ടില്ല. ജീവപര്യന്തം കഠിനതടവ്. വട്ടമുഖവും മന്ദഹസിക്കുന്ന കണ്ണുകളുമുള്ള ഒരു വെളുത്ത തടിയനാകുന്നു അദ്ദേഹം.

ഞാന് കാലത്തെ എണീറ്റു ചില്ലറ കസര്ത്തെല്ലാം ചെയ്യും. ചെറിയ തോതില് ഫയല്വാനാണല്ലോ. എന്റെ പനിനീര്തോട്ടത്തിനടുത്ത് വളരെ ഉയരത്തില് പോകുന്ന, വണ്ണം കുറഞ്ഞ ഒരു പ്ലാവുണ്ട്. അതിന്റെ താഴത്തുള്ള കൊമ്പ് എന്റെ തുടയുടെ വണ്ണമുള്ളതാണ്. അതു ഞാന് ബാറാക്കി അതിലും ചില കസര്ത്തുകള്ചെയ്യും. ഇതെല്ലാം കഴിഞ്ഞ് കുളിച്ചുവരുമ്പോള് അദ്ദേഹം (ചിരിക്കുന്ന കണ്ണുകളുള്ള ചുവന്ന തൊപ്പി) എന്റെ കഞ്ചോയും ഒരു സ്പെഷ്യല് ചട്ട്ണിയും ലോക്കപ്പുമുറിയില് മൂടിവെച്ചിട്ടുണ്ടാവും. കഞ്ഞി എന്ന ഡിപ്പാര്ട്ടുമെന്റില്ല. ചോറാണ്. എന്നാല്, ചോറാണോ? കുറച്ചു കഞ്ഞിവെള്ളവുമുണ്ട്. ആദ്യമായി എനിക്കു കഞ്ഞി ഒഴിച്ചുതന്നപ്പോള് അദ്ദേഹം പതുക്കെ എന്നോടു പറഞ്ഞു: 'ആശുപത്രി ഓര്ഡര്ലിയെ ചെന്നു കാണണം. ചായ ഉണ്ടാക്കിവെച്ചേക്കും!'

ഞാന് ചെന്നു. ഞാന് കണ്ടു. കറുത്തു മെലിഞ്ഞ ഒരു സിംബ്ലന് മീശക്കാരന്. നല്ല വെളുത്ത പല്ലുകള്. സുന്ദരമായ ചിരി. എന്റെ ഒരു പഴയ സ്നേഹിതനാണ്. അദ്ദേഹത്തിന്റെ നാട്ടില് ഞാന് താമസിച്ചിട്ടുണ്ട്. അദ്ദേഹം ഒരു തീവെയ്പുകേസില്പെട്ടു. അക്കൂട്ടത്തില് രണ്ട് ആളുകളെയും കൊന്നിട്ടുണ്ട്. ചുവന്ന തൊപ്പി. ജീവപര്യന്തം കഠിനതടവ്. സ്വഭാവഗുണംകൊണ്ടും വിദ്യാഭ്യാസം കൊണ്ടും ആശുപത്രി ഓര്ഡര്ലിയായി. തേയില, പഞ്ചസാര, മുട്ട, കരള്, റൊട്ടി, പാല്, ബീഡി എന്നിത്യാദികള്ക്കു മേലില് ഞാന് ബുദ്ധിമുട്ടേണ്ട ആവശ്യമില്ല... അങ്ങനെ നോക്കുമ്പോള് റോസച്ചെടികളുടെ ഒരു വനം. ആശുപത്രിയുടെ പിറകില്. വേരുപൊട്ടിക്കാതെ മണ്ണോടെ കൊണ്ടുവന്നു നട്ടതാണ്. എന്റെ ചിന്നജയിലിന്റെ മുന്വശത്തുള്ള പനിനീര്തോട്ടം! എന്റെ പൂന്തോട്ടം കണ്ടപ്പോള് നേതാക്കന്മാര്ക്കും

വേണം അത്തരത്തിലൊന്നു വീതം! എല്ലാവര്ക്കും ഓരോന്നുണ്ടാക്കിക്കൊടുത്തു. നേതാക്കന്മാര് പുറംലോകവുമായി സമ്പര്ക്കം പുലര്ത്തി വന്നു. ജയില് വാര്ഡര്മാര്വഴിയാണ്. എഴുത്തുകള് കൊണ്ടുപോകും. എഴുത്തുകള് കൊണ്ടുവരും. അതിനൊക്കെ പണച്ചെലവുണ്ട്. വെളിയില് നിന്നു രാത്രികാലങ്ങളില് ചില പൊതികള് ഉയര്ന്ന മതിലിനു മീതെക്കൂടി അകത്തു വീഴും! കാലത്തേ നേതാക്കന്മാര് അതെല്ലാം പെറുക്കിയെടുക്കും. കായ് വറുത്തത്, ശര്ക്കരയുപ്പേരി, നാരങ്ങാ അച്ചാറിട്ടത് മുതലായവ. ചിലപ്പോള് ചെറിയ ടിന്നുകളും പാട്ടകളും പെറുക്കാന് ഞാനും കൂടും. ഒരു ദിവസം ഒരു നേതാവ് എനിക്കു ശകലം നാരങ്ങാ ഉപ്പിലിട്ടതു തന്നു. ഹാ, എന്തൊരു രുചി! എത്ര അമൂല്യമായ ഒരു പദാര്ത്ഥം....അതു തന്നപ്പോഴുള്ള അദ്ദേഹത്തിന്റെ ആ മുഖഭാവം... അതിന്റെ ഗുണഗണങ്ങളെപ്പറ്റി ഒരു മഹാകാവ്യംതന്നെ രചിച്ചുകൊടുത്താലും നമ്മുടെ കടമ തീരുകില്ല!

ഞാനങ്ങനെ എന്റെ സുഹൃത്തുക്കളും ശിഷ്യന്മാരുമായ ചുവന്ന തൊപ്പിക്കാരോടു ചേര്ന്ന് സസുഖം വാണരുളുന്നു. ഒന്നിനും ഒരല്ലലുമില്ല. ചിലപ്പോള് ഞാന് പെണ്ജയില്ഭാഗത്തേക്കു നോക്കും. ഭീകരവും പൈശാചികവുമായ മതില്...! ഞാന് കേട്ട ചിരി ഓര്ക്കും. അനുഭവപ്പെട്ട മണവും....! ഞാന് ആ പൂന്തോട്ടത്തിന്റെ അടുത്തുള്ള പ്ലാവില് വലിഞ്ഞുതൂങ്ങി കയറും. നേതാക്കന്മാരും മറ്റും ഊണുകഴിഞ്ഞ് ഉച്ചയ്ക്കൊന്നു മയങ്ങുന്ന സമയത്താണ്. പ്ലാവിന്റെ ഉച്ചിയില് ഞാന് കയറി നില്ക്കും.... സ്വതന്ത്രലോകത്ത് അല്ലെങ്കില്, എന്തു സ്വതന്ത്രലോകം? ഭൂഗോളംതന്നെ ഒരു വലിയ ജയിലാണല്ലോ. ഏതായാലും വന്മതിലിനു വെളിയില്... ദൂരെ... ദൂരെയുള്ള റോഡേ സ്ത്രീപുരുഷന്മാര് ഈ ചെറിയ ജയിലിലെ വിവരമൊന്നുമറിയാതെ നടന്നുപോകുന്നു.

സുഹൃത്തുക്കളെ, ഒന്നിങ്ങോട്ടു തിരിഞ്ഞുനോക്ക്...! ഞാന് പറയുന്നത് സ്ത്രീജനങ്ങളോടാണ്. ഒന്നു തിരിഞ്ഞുനോക്കൂ! നിങ്ങളെ ഒന്നു കണ്ട് കണ്കുളിര്പ്പിക്കട്ടെ! അങ്ങനെ കുറെകഴിഞ്ഞു താഴെയിറങ്ങിപ്പോരും. ഞാന് ഈ പറയുന്നത് ജയിലിലുള്ള ഓരോ പുരുഷനും പറയാന് കഴിയും. എന്റെ വിചാരവികാരങ്ങള്തന്നെ ഓരോ ജയില്പ്പുള്ളിയുടേതുമെന്ന് വിചാരിക്കുക. ഞങ്ങളുടെ ഏകാന്തരാത്രികള്... ഞങ്ങളുടെ ഏകാന്തചിന്തകള്.... ഞങ്ങളുടെ ലൈംഗികസ്വപ്നങ്ങള്. ഏതായാലും ഞങ്ങളുടെ ഹൃദയങ്ങളിലേക്കു ചുഴിഞ്ഞിറങ്ങാതിരിക്കുന്നതാണു നല്ലത്.

ഞാനെന്റെ പനിനീര്തോട്ടത്തിന്റെ നടുക്ക് ചുമ്മാ നില്ക്കും. ചുറ്റും വിടര്ന്നു സൗരഭ്യം പരത്തുന്ന പുഷ്പങ്ങള്. സൗന്ദര്യമുണ്ട്. മണവുമുണ്ട്. പക്ഷേ, എന്തോ ഒന്നില്ല. ആരുടെയോ എന്തിന്റെയോ ഒരഭാവം... എന്താണത്?

വേണ്ട, ഈ ചിന്തകള് നല്ലതല്ല. പെണ്ണിലേക്കാണു ചിന്തകളെല്ലാം പോകുന്നത്. ഞാന് എണീറ്റു നടന്നു. പലേ മതിലുകള്. പലേ വാതിലുകള്. എല്ലായിടത്തും വാര്ഡര്മാരുണ്ട്. വാര്ഡര്മാരുടെ കണ്ണില്പ്പെടാതെ ജയിലില് ഒന്നും നടത്താന് സാധ്യമല്ല. ഉയരത്തില് നിന്നു നോക്കാന് വലിയ ഗോപുരവുമുണ്ട്.

ഞാന് ആ ഗോപുരത്തിന്റെ പരിസരത്തുകൂടി നടക്കുകയാണ്. അപ്പോള് ഒരു കാഴ്ച കണ്ടു. ഞാന് നിന്നു ചിരിച്ചുപോയി. അത്രയ്ക്കു നല്ലൊരു വരവ്...! കൂച്ചുചങ്ങലകളിട്ട ഒരു മദയാന. അല്ല... മനുഷ്യന്. കറുത്ത തൊപ്പി. വെളുത്ത നീണ്ട ഒത്ത വണ്ണമുള്ള ഒരു യുവാവ്. തേജോമയങ്ങളായ കണ്ണുകള്. തല എടുത്തുപിടിച്ചു പിറകോട്ടു വളഞ്ഞു ബുദ്ധിമുട്ടി

നടക്കുന്നു. കഴുത്തില്നിന്നും രണ്ടു ചങ്ങലകള് പുറത്തുകൂടി കാലുകളില് തളച്ചിരിക്കുന്നു. അതിന്റെ വലിവാണ് ആ വളവ്. ജയില് ചാടാന് ശ്രമിച്ച വല്ല കള്ളനുമാണോ? ഞാന് അടുത്തു ചെന്നു സ്തബ്ധനായി നിന്നുപോയി... എന്റെ ഒരു പഴയ ക്ലാസ്മേറ്റാണ്! ഞങ്ങളുടെ കണ്ണുകള് നോക്കി. ഞങ്ങളുടെ മനസ്സുകള് ഓര്മിച്ചു. ഞങ്ങള് ചിരിച്ചു. ഞങ്ങള് പലേ വര്ത്തമാനങ്ങളും പറഞ്ഞു. പിന്നെയും ഞങ്ങള് ചിരിച്ചു. മൂപ്പര് എന്നെ എങ്ങനെയെങ്കിലും രഹസ്യമായി കാണാന് ഇറങ്ങിത്തിരിച്ചിരിക്കുകയാണ്!

ഞാന് ചോദിച്ചു:

'ആരെയെങ്കിലും പറഞ്ഞയയ്ക്കാന് വയ്യായിരുന്നോ?'

'നമ്മള് തമ്മില് പരിചയമുണ്ടെന്ന്... ആളുകളറിഞ്ഞാല് നിങ്ങള്ക്കു കുറച്ചിലല്ലേ?'

'നിന്റെ സ്നേഹിതനാണെന്നു പറയെടാ കള്ളബടുക്കൂസേ ഞാന്. പുല്ലേ!'

ഞാന് കെട്ടിപ്പിടിച്ചു കവിളില് ഒരു ചുംബനം വെച്ചുകൊടുത്തു. അതു ഞാന് ജയിലിലെ ഓരോരുത്തരെയും ചുംബിച്ചപോലെയായി. ഈ ചുംബനവൃത്താന്തം ജയിലാകെ അറിഞ്ഞു. ജയില് രോമാഞ്ചംകൊണ്ടു!

ഈ ചങ്ങലയ്ക്കിട്ട തേജോമയങ്ങളായ കണ്ണുകളുടെ ഉടമസ്ഥന്... ജീവിച്ചിരിക്കുന്ന ജയിലിലെ ഒരു ഇതിഹാസമാണ്! രക്തസാക്ഷിയാണ്!

മൂപ്പര് ഒന്നരക്കൊല്ലത്തെ ശിക്ഷയുമായി വന്ന ഒരു കള്ളനാകുന്നു. ബീഡി, ചെറിയ ചക്കര, ഉണക്കപ്പുരവ എന്നിവകളുടെ ബിസിനസ്സുണ്ട് ജയിലില് മൂപ്പര്ക്കിപ്പോഴും. ജയിലില് വന്ന് ഒരാറുമാസം കഴിഞ്ഞപ്പോള് ഒരു ചെറിയ സംഭവമുണ്ടായി. ഒരു ജയില് വാര്ഡന് ഒരു കുശാണ്ടം ഒപ്പിച്ചു. മുമ്പ് ഒരു വാര്ഡറും ചെയ്യാത്തതാണ്. പ്രത്യേകം ശ്രദ്ധിക്കണമിത്. നമുക്ക് ആ വാര്ഡറെ 'കുശാണ്ടവാര്ഡര്' എന്നു വിളിക്കാം. കുശാണ്ടവാര്ഡറുടെ ചൈതി എന്റെ ക്ലാസ്മേറ്റിനു പിടിച്ചില്ല. ഈ ജയിലില് നടക്കുന്ന ബിസിനസ്സിന്റെ ലാഭത്തില് ഒരംശം ഒരുമാതിരി വാര്ഡര്മാര്ക്കെല്ലാമുണ്ട്. ജയിലിനു പുറത്തു ദൂരെ ചില സ്ഥലങ്ങളില് പാറ പൊട്ടിക്കാനും മറ്റുമായി കുറെ അധികം ജയില്പ്പുള്ളികളെ പുറത്തേക്കു കൊണ്ടുപോകും. ആ ഭാഗങ്ങളില് ആള്പ്പാര്പ്പുള്ള ധാരാളം കുടിലുകളുണ്ട്. അവിടെയാണു മൊത്തക്കച്ചവടം. പിന്നെ...! അങ്ങനെ എന്റെ ക്ലാസ്മേറ്റ് ജയിലിലെ ഒരു വലിയ ബിസിനസ്മാനായിത്തീര്ന്നു. ലങ്കോട്ടി വഴിയാണ് പലതും ജയിലിനുള്ളില് വരുന്നത്. ഗേറ്റില് പരിശോധനയുണ്ട്. തുണി ഒന്നുരിഞ്ഞു കാണിക്കണം. കാല്നിമിഷം മതി. ക്ലീന്! എന്താണെന്നുവെച്ചാല് തൊപ്പി, ഷര്ട്ട്, മുണ്ട്, തോര്ത്ത് ഇത്രയും ജയിലില് നിന്നു കൊടുക്കുന്നതാണ്. അതൊക്കെ പരിശോധിച്ചു. അതിലൊന്നും ഒരു ചുക്കും കണ്ടില്ല. ലങ്കോട്ടി ജയിലിന് അജ്ഞാതമാണ്! ഒരുപക്ഷേ, അതു മനുഷ്യരുടെ ഒരു ഭാഗമായിരിക്കാം. ഇങ്ങനെ പോകുന്നു കിസ്സ. ഇതിലൊന്നും കാര്യമായി ശ്രദ്ധിക്കണമെന്നില്ല. ഞാന് പറഞ്ഞുവരുന്നതു വേറെയാണ്. നമ്മുടെ കുശാണ്ടവാര്ഡര് ഒരു കുശാണ്ടം ഒപ്പിച്ചു എന്നു പറഞ്ഞല്ലോ. ആ കുശാണ്ടവാര്ഡറുടെ കരണക്കുറ്റിക്കു രണ്ടു സുന്ദരന്വീക്ക് എന്റെ ക്ലാസ്മേറ്റ് വെച്ചുകൊടുത്തു....! വിവരം ജയിലാകെ അറിഞ്ഞു. ആണ്ജയില്തന്നെയല്ല പെണ്ജയിലും. രണ്ടിനും രോമാഞ്ചമുണ്ടായി.....! എന്റെ ക്ലാസ്മേറ്റിനു മുക്കാലിയില് കെട്ടി പന്ത്രണ്ട് നല്ല അടി കിട്ടി. ക്ലാസ്മേറ്റിന്റെ ശിക്ഷ വര്ദ്ധിച്ചു. മൂന്നു കൊല്ലമായി! മുറിവുകള് ഉണങ്ങി.

എന്റെ ക്ലാസ്മേറ്റ് ശരിക്കു നടന്നുതുടങ്ങി. വെളിയില് കല്ലു പൊട്ടിക്കാന് പോകണമല്ലോ. പക്ഷേ, കുശാണ്ടവാര്ഡര് അതിന് എതിര്.

'നിങ്ങള്ക്ക് എന്നെ അറിഞ്ഞുകൂടാ. എന്റെ നാട്ടും അറിഞ്ഞുകൂടാ. ന്നാ പിടിച്ചോ!' എന്നുള്ള ഉശിരന് മുഖപ്രസംഗത്തോടെ എന്റെ ക്ലാസ്മേറ്റ് വെച്ചുകൊടുത്തു കുശാണ്ടവാര്ഡറുടെ ചങ്കിനു രണ്ടു കുത്ത്. മേമ്പൊടി എന്നവണ്ണം നാഭിക്ക് ഒരു പരമരസികന് തൊഴിയും!

ഇതില് കാര്യമായ തെറ്റൊന്നുമില്ല. ജയിലിനു വെളിയിലായാലും കുശാണ്ടവാര്ഡര് ജയിലില് ചെയ്ത ചൈതികള് കേട്ടാല് അയാളെ ആരും ഓടിച്ചിട്ടടിക്കും. അത്രയ്ക്കു സംസ്കാരശൂന്യമായ പണിയാണ് അയാള് ചെയ്തത്. എന്റെ ക്ലാസ്മേറ്റിനു മുക്കാലിയില് കെട്ടി ഇരുപത്തിനാലടികൂടി കിട്ടി. അദ്ദേഹം അതെല്ലാം നിന്നുകൊണ്ടു. ബോധക്ഷയമുണ്ടായില്ല. ശിക്ഷയങ്ങനെ ആറു കൊല്ലമായി!

ജയിലില് കുശാണ്ടവാര്ഡര് ഒറ്റപ്പെട്ടു. പുള്ളികളായ പുള്ളികളുടെയെല്ലാം നോട്ടപ്പുള്ളിയായി. ഓരോരുത്തരുടെയും കണ്ണുകളില് അയാള് കണ്ടതു കൊലപാതകത്തിന്റെ തിളക്കമാണ്. കഴുത്തിനു ഞെക്കിപ്പിടിച്ചു കൊന്നുകളഞ്ഞെങ്കിലോ? വെളിയില് അത്യാവശ്യമായ ജോലിയുണ്ടെന്നുള്ള കാരണം പറഞ്ഞ് കുശാണ്ടവാര്ഡര് പേടിച്ചു ജോലി രാജിവച്ചുപോയി!

ജനങ്ങള് ഒറ്റക്കെട്ടായി നില്ക്കണം എന്നൊക്കെ പറയാറുണ്ടല്ലോ. ജയിലില് ഒറ്റക്കെട്ടായിത്തന്നെ നിന്നു! കല്ലുപൊട്ടിക്കാന് വെളിയില് പോയില്ലെങ്കിലും ജയിലിലെ കച്ചവടമെല്ലാം നടത്തുന്നത് എന്റെ ക്ലാസ്മേറ്റാണ്!

ഈ വിധമെല്ലാം പരമസൗഖ്യത്തില് ഞാന് ജീവിക്കുന്നു. അത്യാവശ്യസാധനങ്ങളെല്ലാം എന്റെ കൂട്ടിലുണ്ട്. ഇത് ഒട്ടു മിക്ക ആളുകള്ക്കും അറിയാം. പലപ്പോഴും ഒരു അസിസ്റ്റന്റ് ജയിലര് എന്റെ ലോക്കപ്പില് വരും. ഹാറ്റും കാക്കി ഷര്ട്ടും കാക്കി പാന്റും ഷൂസും ധരിച്ച വിനോദപ്രിയനായ ഒരു വെളുത്ത ചെറുപ്പക്കാരന്. അദ്ദേഹത്തെ അനിയന്ജയിലര് എന്നാണ് പുള്ളികള് വിളിക്കുന്നത്. അദ്ദേഹം എന്റെ അടുത്തു വരുന്നത് ലോക്കപ്പ് പരിശോധിക്കാനല്ല, ചുമ്മാ വര്ത്തമാനം പറയാനാണ്. അദ്ദേഹത്തിനു ചെറിയ ഒരു അള്സേഷ്യന് നായയുണ്ട്. ജോക്കര് എന്നാണ് അവന്റെ പേര്. അവന്റെ പരിശീലനം, വ്യായാമം, ആഹാരം എന്നീ വിഷയങ്ങളെപ്പറ്റി ഞങ്ങള് സംസാരിക്കും. ഞാന് കുറെയധികം പട്ടിക്കഥകള് പറയും. അനിയന് അതെല്ലാം കേള്ക്കാന് ബഹുരസമാണ്. ഞാന് അദ്ദേഹത്തിനു കടുംചായ ഉണ്ടാക്കിക്കൊടുക്കും. എന്റെ പക്കല് തേയിലയും പഞ്ചസാരയുമുണ്ടെന്നു മിക്കവര്ക്കും അറിയാം. വെളുപ്പിന് അഞ്ചുമണിക്കു തൂക്കിക്കൊല്ലാന് പോകുന്ന ചില പുള്ളികള്ക്കു രാത്രി ലേശം ചായ കുടിക്കണമെന്നു തോന്നും. വാര്ഡര് എന്നെ വിളിച്ചെണീപ്പിച്ചു വിവരം പറയും. ഞാന് കടുംചായയുണ്ടാക്കിക്കൊടുത്തയയ്ക്കും. ഒന്നുരണ്ടു ബീഡിയും തീപ്പെട്ടിയും. ധൈര്യമായിരിക്കാന് പറഞ്ഞയയ്ക്കും. മരണത്തെ രണ്ടു വിധത്തില് നേരിടാമെന്നു പറഞ്ഞയയ്ക്കും. കരഞ്ഞുകൊണ്ട്; ചിരിച്ചുകൊണ്ട്... എങ്ങനെയായാലും മരിക്കും. ആയതിനാല് ചിരിച്ചുകൊണ്ടുതന്നെ മരണത്തെ നേരിടുക! മംഗളം!

അപ്പോഴൊക്കെ ഞാന് ഉറങ്ങാതിരിക്കും. അഞ്ചുമണിക്കുള്ള തൂക്കിക്കൊല്ലല് കഴിഞ്ഞ് ആറുമണിക്കേ ഞാന് കിടക്കൂ. മയങ്ങിപ്പോകുമ്പോഴായിരിക്കും, നേതാക്കന്മാര്

ആരെങ്കിലും വന്ന് എന്നെ വിളിച്ചുണരര്ത്തുന്നത്. ഇതു ദേര്ാഹബുദ്ധിയോടെയല്ല. ഞാന് മരണത്തിനു കൂട്ടിരിക്കയായിരുന്നു എന്നവര്ക്കറിഞ്ഞുകൂടലേ്ലാ.

അവിടെ വാദപ്രതിവാദങ്ങളും പൊട്ടിച്ചിരിയുമാണ്. ആകെക്കൂടി ഒരു ചെറിയ ടൗണ്. തര്ക്കങ്ങള്, ഒച്ച, ചിരി, ബഹളം. ചിലപ്പോള് അനിയന്ജയിലറുടെകൂടെ ജയില്സൂപ്രണ്ടും വരും. നേതാക്കന്മാരുമായി വര്ത്തമാനം പറഞ്ഞിട്ട് എന്റെ പൂന്തോട്ടത്തില് വരും. എനിക്കു വൃക്ഷങ്ങളെയും ചെടികളെയുമൊക്കെ വലിയ ഇഷ്ടമാണ്. ഓരോ വൃക്ഷത്തെയും ഓരോ ചെടിയെയും ഞാന് സ്നേഹിക്കുന്നു. ഞാന് വര്ത്തമാനം പറഞ്ഞാല് ചെടികള്ക്കും വൃക്ഷങ്ങള്ക്കും മനസ്സിലാകും എന്നുവരെ എനിക്കു തോന്നീട്ടുണ്ട്. ജയില്സൂപ്രണ്ടിനും ഇതേ ഭാവമാണ്. ഞങ്ങള് ചെടികളെപ്പറ്റി സംസാരിക്കും, വൃക്ഷങ്ങളെപ്പറ്റി സംസാരിക്കും. അതിന് ഇടേണ്ട വളം, ചെയേ്യണ്ട ശുശ്രൂഷകള് എല്ലാം. അങ്ങനെ വര്ത്തമാനം പറഞ്ഞുകൊണ്ടു ഞങ്ങള് നടക്കും. ജയില്സൂപ്രണ്ടിന്റെ വീട്ടില് ഒരു ആറു ചട്ടി നല്ല റോസാച്ചെടികളുണ്ട്. അതെല്ലാം ഈയുള്ളവന് കൊടുത്തയച്ചതാണ്. ഈ ജയില് സൂപ്രണ്ടുമായുള്ള എന്റെ കൂട്ടുകെട്ട് എന്റെ സുഹൃത്തുക്കളായ ചില ചുവന്ന തൊപ്പിക്കാര്ക്ക് ഇഷ്ടമായില്ല. അയാളുടെ ശുപാര്ശ കൂടാതെ ഇവിടെ ജീവിക്കാന് വയേ്യ? എന്തിനയാളോടു ചിരിച്ചുകുഴഞ്ഞു വര്ത്തമാനം പറയുന്നു? അയാളലേ്ല എന്റെ ക്ലാസ്മേറ്റിന്റെ മുക്കാലിയില് കെട്ടിയുള്ള അടി രണ്ടു ഡസനാക്കിയത്? ആ അനിയന്ജയിലര് അയാളെക്കാള് എത്രയോ നല്ലവന്!

സംഭവങ്ങളുടെ പോക്കു കണ്ടോ? ഏതെങ്കിലും ഒരു പാര്ട്ടിയില് ചേരുകതന്നെ വേണം! ഒരു ചേരിയിലും ചേരാതെ ഒരു സ്വതന്ത്ര മനുഷ്യനായി എല്ലാവരെയും സ്നേഹിച്ചുകൊണ്ടു ജീവിക്കാന് സാദ്ധ്യമല്ല!

ഞാന് അധികവും കൂട്ടില്ത്തന്നെയാണ്. അലെ്ലങ്കില്, ചെടികളോടോ വൃക്ഷങ്ങളോടോ വര്ത്തമാനം പറഞ്ഞുകൊണ്ടു നില്ക്കും. ഇങ്ങനെയുള്ള ഒരു സമയത്ത് അനിയന്ജയിലര് വന്നു പറഞ്ഞു, രാഷ്ട്രീയത്തടവുകാരെ എല്ലാം വിടാന് പോകുന്നു!

എല്ലാവര്ക്കും സന്തോഷമായി. ചിരിയും ബഹളവും ആര്പ്പും. എല്ലാവരുടെയും വസ്തുങ്ങള് അനിയന്ജയിലര് വരുത്തിച്ചു തന്നു.

അതെല്ലാം അലക്കി ഇസ്തിരി ഇടീച്ചു കടലാസുപൊതികളിലാക്കിവച്ചു. സമൃദ്ധമായി എല്ലാവരും മുടിവെട്ടിച്ച്, ഷേവ് ചെയ്തു. കൂട്ടത്തില് ഈയുള്ളവന്റെ കഷണ്ടിത്തലയിലെ എളിയ തോതിലുള്ള മുടിയും വെട്ടിച്ചു മുഖവും വടിപ്പിച്ചു. മീശ നിര്ത്തി. സുന്ദരനായി എന്ന വിശ്വാസത്തോടെ സന്തോഷിച്ചു.

ഞങ്ങള് പോകാന് തയ്യാറായി.

ഞാന് കള്ളന്മാരും കൊലപാതകികളുമായ സുഹൃത്തുക്കളോടെല്ലാം യാത്ര പറഞ്ഞു. എല്ലാവര്ക്കും കത്തുകളയയ്ക്കാമെന്നു പറഞ്ഞു. എല്ലാവര്ക്കും പുസ്തകങ്ങളയച്ചുകൊടുക്കാമെന്നേറ്റു.

അങ്ങനെ വിടുതല്സമയവും പ്രതീക്ഷിച്ചിരിപ്പായി.

വിടാന് ഓര്ഡര് വന്നു.

വിട്ടു!

ഒരാളെ ഒഴിച്ച്! ഈ പാവപ്പെട്ടവനെ വിടാന് ഓര്ഡര് ഇല്ല! പിശകായിരിക്കും!

അനിയന്ജയിലര് ഓടി. ജയില്സൂപ്രണ്ടിനെക്കൊണ്ട് എനിക്കായി ഒരു സ്പെഷ്യല് ഫോണ് ചെയ്യിപ്പിച്ചു. ശരിതന്നെ! ഈയുള്ളവനെ വിടുന്നില്ല! നല്ലത്. വേണ്ടത്ര പാകത വരാത്തതുകൊണ്ടായിരിക്കും!

നേതാക്കന്മാര് ആഹ്ളാദത്തോടെ യാത്രയായി. ഇനോസ് ഫ്രൂട്ട്സാള്ട്ട്, കാറല് മാര്ക്സിന്റെ ക്യാപ്പിറ്റല്, രണ്ടു പെട്ടി ചീട്ടുകള്, ഒരു ചെറിയ കുപ്പി നിറയെ നാരങ്ങ ഉപ്പിലിട്ടത്, വലിയ ഒരു മിഠായി ടിന് നിറയെ കായ് വറുത്തത്, വലിയ ഒരു പാളപ്പൊതി നിറയെ ശര്ക്കരയുപ്പേരി, കുറെ ഇടിച്ചുകൂട്ടിയ പുകയില, വെറ്റില, അടയ്ക്കാ, ചുണ്ണാമ്പ് എല്ലാറ്റിന്റെയും ഏക അവകാശി ഈയുള്ളവനായിത്തീര്ന്നു!

മന്ദഹാസത്തോടെ നേതാക്കന്മാര് എല്ലാവരും പോയി... ശബ്ദമില്ല, അനക്കമില്ല. ആളൊഴിഞ്ഞുപോയ പട്ടണത്തില് ഞാന് തനിച്ചായതുപോലെ... അല്ലെങ്കിലും ഈ മഹാലോകത്തില് തനിച്ചാണല്ലോ. തീറ്റാന് വിടുന്ന കൂട്ടത്തില്നിന്ന് ഒരു മുട്ടനാടിനെ മാത്രം വിടാതെ പിടിച്ചുകെട്ടിയിരിക്കുന്നു. എന്തിന്? കശാപ്പിനുതന്നെ. ഏതോ വലിയ ആപത്തു വരാന് പോകുന്നതുപോലെ. ചിരിയില്ല, സന്തോഷമില്ല, യാതൊന്നുമില്ല. ആകെക്കൂടി മനസ്സില് രാവും പകലും അല്ലാത്ത ഒരു നില... കാറല് മാര്ക്സിന്റെ ക്യാപ്പിറ്റല് ഞാന് അനിയന്ജയിലര്ക്കു കൊടുത്തു. ശര്ക്കരയുപ്പേരി ആശുപത്രിയിലും മറ്റെല്ലാ സുഹൃത്തുക്കള്ക്കും കൊടുക്കാന് ഏല്പിച്ചു. ചീട്ടുകെട്ടുകള് എന്റെ ക്ലാസ്മേറ്റിനു പ്രത്യേകം കൊടുത്തു. മുറുക്കാനുള്ളത് കഞ്ഞി കൊണ്ടുവരുന്ന കൊലപാതകി ശിഷ്യനു കൊടുത്തു. കായ് വറുത്തത് കുറേശ്ശെ എല്ലാവര്ക്കും കൊടുത്തു... കായ് വറുത്തതു ബാക്കി അരപ്പാട്ട. നാരങ്ങ ഉപ്പിലിട്ടതു മുഴുവനും ഇനോസ് ഫ്രൂട്ട്സാള്ട്ടും എന്റെ ലോക്കപ്പില് ഇരുന്നു. ഒന്നു രണ്ടു ദിവസം കഴിഞ്ഞ് 'ഇനോസ് ഫ്രൂട്ട്സാള്ട്ട്' ജയിലിനു വെളിയില് വന്മതിലിനു മുകളിലൂടെ വലിച്ചെറിഞ്ഞു. എന്നിട്ടങ്ങനെ ഭയസംഭ്രമങ്ങളോടെ ജീവിച്ചു.

ആകെക്കൂടി ഞാന് പറഞ്ഞില്ലേ, മനസ്സിനു സുഖമില്ല. എനിക്കെന്താണു സംഭവിക്കാന് പോകുന്നത്? മറ്റുള്ളവരെ നമുക്ക് ഉപദേശിക്കാം. ധീരതയോടെ അഭിമുഖീകരിക്കൂ എന്നെല്ലാം പറയാം; കരഞ്ഞുകൊണ്ടും ചിരിച്ചുകൊണ്ടും. അതുകൊണ്ട് ചിരിച്ചുകൊണ്ടു നേരിടുക!

ദൈവമേ, എനിക്കു ചിരിക്കാന് കഴിയുന്നില്ല. ഞാന് വളരെവളരെ നിസ്സാരനായ ഒരു മനുഷ്യനാണ്. ശുദ്ധ പാവം. എന്നെ രക്ഷിക്കൂ. ഞാന് എന്താണു ചെയ്യേണ്ടത്?

രക്ഷപ്പെടുക....! എന്നു പറഞ്ഞാല് ജയില് ചാടാനുറച്ചു. എനിക്കും പുറംലോകത്തിനുമിടയ്ക്കു രണ്ടു ചുവരുകളുണ്ട്. ഒന്നു തുളച്ചു പുറത്തിറങ്ങി മറ്റൊന്നു കയറിയിറങ്ങണം. ജയില്വാര്ഡര് രാത്രി കിടന്നുറങ്ങും.

കാറ്റും മഴയും ഇടിമിന്നലുമുള്ള ഘോരരാത്രി വരട്ടെ!

ജയില് ചാടാനുള്ള പദ്ധതി താഴെ പറയുന്നവിധം ഞാന് സംഘടിപ്പിച്ചു. എന്റെ ചിന്നജയിലായ ലോക്കപ്പിന്റെ ചുവര് വളരെ കട്ടിയുള്ളതല്ല. അതു തുരന്നു വെളിയില് ഇറങ്ങാന് എന്റെ പക്കല് ആയുധമുണ്ട്. രാത്രിയുടെ ഏകാന്തതയില് വെളിയില് ഇറങ്ങുന്നു. പിന്നെ ജയിലിന്റെ ഉയര്ന്ന പുരാതന മതില്. അത് ഇഷ്ടികകൊണ്ടു നിര്മിച്ചതാണ്. രണ്ടിഷ്ടികകളുടെ ഇടയില് കുമ്മായമുണ്ട്. ഒരു പത്തുപന്ത്രണ്ടു വലിയ ആണികള് വേണം. കരിങ്കല്ലുകഷണത്തില് തുണി പൊതിഞ്ഞു ശബ്ദമുണ്ടാക്കാതെ

ആണി അടിച്ചു കയറ്റണം. അങ്ങനെ മതിലിനു മുകളില് എത്തുന്നു. ജമുക്കാളം, കരിമ്പടം, മുണ്ട്, തോര്ത്തുകള് കയറാക്കി, കയറിന്റെ തുമ്പ് ആണിയില് കെട്ടി പതുക്കെ മറുവശത്ത് ഊര്ന്നു തൂങ്ങി ഇറങ്ങി രക്ഷപ്പെടാം. പ്ലാന് പറ്റും. ആണികള് വേണമല്ലോ....? ജയിലിന്റെ മതിലിനരികില് ഒരു മൂലയില് അനേകമനേകം കക്കൂസ് ബക്കറ്റുകള് തുരുമ്പുപിടിച്ചു ദ്രവിച്ചുകിടപ്പുണ്ട്.... തൂക്കിപ്പിടിക്കാനുള്ള അതിന്റെ വളയങ്ങള് യാതൊരു കേടുപാടും കൂടാതെ വളരെയേറെ കിടപ്പുണ്ട്. ഞാനതെല്ലാം എടുത്തു തല്ലിനിവര്ത്തി ആണികളാക്കി ഒരു സ്ഥലത്തു സൂക്ഷിച്ചു. ഒരു മുപ്പതെണ്ണം. എന്നിട്ടു കാത്തിരിപ്പായി.

വരട്ടെ. കാറ്റും മഴയും ഇടിമിന്നലുമുള്ള ഘോരരാത്രികള്!

അങ്ങനെ വരുന്ന ഒരു പകല്.

ചുവന്ന തൊപ്പിക്കാരായ എന്റെ കുറെ സുഹൃത്തുക്കളും ശിഷ്യന്മാരും ഒരു വാര്ഡറും കൂടി വന്നു. അവര് പെണ്ജയിലിന്റെ മതിലിനടുത്ത് ഒരു പച്ചക്കറിത്തോട്ടമുണ്ടാക്കുവാന് പോകുന്നു. വരുന്നോ?

ഇല്ല. എനിക്കൊന്നിലും താല്പര്യമില്ല. ജീവിതത്തിന്റെ ചൂടും വെളിച്ചവും പൊയ്പോയിരിക്കുന്നു. നിങ്ങളുടെ പാട്ടിനു പോ. ആര്ക്കു വേണം പച്ചക്കറി....? കാറ്റും മഴയും ഇടികുടുക്കവുമുള്ള ഘോരരാത്രിയെ പ്രതീക്ഷിച്ചിരിക്കയാണു ഞാന്. എന്നെ ശല്യപ്പെടുത്തല്ലേ!

പക്ഷേ, അവര് വിട്ടില്ല. ചുമ്മാ എന്തിനു മുനിപോലിരിക്കുന്നു? പണ്ടുപണ്ട് ഗുരുവിനോടൊന്നിച്ച് ഇരുണ്ട ഗുഹയില് ധ്യാനിച്ച മുനിയാണു ഞാന്!

ഞാനും ചെന്നു. ഞാനും സഹായിച്ചു. ഞങ്ങള് തോട്ടമുണ്ടാക്കി. അപ്പോള് ഒരു സുഹൃത്ത് ഒരു വിശേഷം കാണിച്ചുതന്നു. ഒരു മാതിരി ചുവന്ന മതിലിന്റെ താഴത്തു സിമന്റിട്ടടച്ച വലിയ കറുത്ത പപ്പടം മാതിരി ഒരു വൃത്തം!

മുമ്പ് അതു ഭേദപ്പെട്ട ഒരു വലിയ തുളയായിരുന്നു. അനേക മണിക്കൂറുകളിലെ, അനേക ദിവസങ്ങളിലെ, അനേക മാസങ്ങളിലെ, അനേകം ആണുങ്ങളുടെ പ്രേമനിര്ഭരമായ നിമിഷങ്ങളിലെ, അത്യദ്ധ്വാനമായിരുന്നു ആ തുള!

ഹ്ഹൂ! അതങ്ങനെ നിന്നു. ദിവസങ്ങള്, മാസങ്ങള്, വര്ഷങ്ങള് അങ്ങനെ നിന്നു. ജയില്പ്പുള്ളികളെല്ലാം മര്യാദക്കാരും അനുസരണയുള്ളവരുമായി.

ആ തുളവഴി പെണ്ജയിലും ആണ്ജയിലും മുഖവും മറ്റും കണ്ടിരുന്നു... മുഖവും മറ്റും. ശബ്ദം കേട്ടിരുന്നു. മണംപിടിച്ചിരുന്നു. സന്തോഷം.

പെണ്ണിന്റെ മണം അതുവഴി ആണ്ജയിലില് പരന്നിരുന്നു. പരമസുഖം. സംതൃപ്തി.

ഇതു വളരെ ഭദ്രമായ രഹസ്യമൊന്നുമായിരുന്നില്ല. കണ്ടില്ല, കേട്ടില്ല... അങ്ങനെ പോയി സംഭവം... ഇവിടെ വേണമെങ്കില് ഒരുയര്ന്ന പീഠത്തിലിരുന്ന് സദാചാരത്തെപ്പറ്റിയും സംസ്കാരത്തെപ്പറ്റിയും ഉഗ്രന് പ്രസംഗങ്ങള് നടത്താം? വാതോരാതെ ഉപദേശിക്കാം...! ചുമ്മാ പോ!

എന്നാല്, സര്വഗുണസമ്പൂര്ണനായ ഹേ മഹാത്മാവേ, ഞങ്ങള് കാമക്രോധികളുള്ള വെറും മനുഷ്യരാണ്. ഒട്ടുവളരെ ബലഹീനതകള് ഞങ്ങള്ക്കുണ്ട്. ഞങ്ങളോടു കരുണ കാണിക്കുക. ദൈവത്തിന്റെ അനുഗ്രഹമാണ് ഹേ ആണ്പെണ് ആകര്ഷണത. മറക്കല്ലേ. ആകര്ഷണം! ദൈവത്തിന്റെ ദിവ്യമായ സഹാനുഭൂതിയോടെ വേണം നിങ്ങള് ഞങ്ങളെ നോക്കാന്!

നോക്കി. എല്ലാവരും നോക്കി.

എന്നാല് കുശാണ്ടവാര്ഡര് ഇവിടെ ഒരു നല്ല ബിസിനസ് കണ്ടു. ആ തുളയിലൂടെ നോക്കുന്നതിന് ഒരു ചെറിയ നികുതി ചുമത്തി. ഒരാള്ക്ക് * ഒരണ!

ഇവിടെ പാവപ്പെട്ടവനും പണക്കാരനുമുണ്ട്. പാവങ്ങള് എന്തു ചെയ്യും? ലൈംഗികദാഹം സമം!

എന്റെ ക്ലാസ്മേറ്റ് പറഞ്ഞു:

'വാര്ഡറേ, ഇതു ശരിയല്ല?'

'ശരിയല്ലെങ്കില് ഞാനീ തുള അടച്ചുകളയും!'

കുശാണ്ടവാര്ഡര് ഭീഷണിപ്പെടുത്തി. തന്നെയുമല്ല, സിമന്റിട്ട് കുശാണ്ടവാര്ഡര് ആ തുള ക്രൂരതയോടെ അടച്ചുകളഞ്ഞു. സ്ത്രീയുടെയും പുരുഷന്റെയും ചോര ഒഴിച്ചല്ല ആ സിമന്റ് കുഴച്ചത്! എങ്കിലും ശിരസ്സു കുനിച്ച് ആ സിമന്റിട്ട ഭാഗം ഞാന് മണപ്പിച്ചു നോക്കി. പെണ്ണിന്റെ മണമുണ്ടോ?

നാലരക്കൊല്ലവും മുപ്പത്താറടിയും എന്റെ ക്ലാസ്മേറ്റിനു കിട്ടിയതിങ്ങനെയാണ്!

സന്തോഷത്തോടെ ഞങ്ങള് പച്ചക്കറിത്തോട്ടം നിര്മിച്ചു. എന്റെ ജയില്ഭാഗം ശൂന്യം. ഞാനും ഉറക്കം തൂങ്ങുന്ന ഒരു വാര്ഡറും മാത്രം. ഒരു വലിയ മതില്ക്കെട്ടിനുള്ളില് ഞാന് മാത്രം!

രാവിലെ പച്ചക്കറിത്തോട്ടം നനയ്ക്കാന് രണ്ടുമൂന്നു പേര് വരും. ഒരു പ്രത്യേക വാര്ഡറുടെ അകമ്പടിയോടെ ഞാന് ചുമ്മാ നടക്കും. തകര്ന്നടിഞ്ഞ മഹാനഗരത്തിന്റെ ഏകാന്തമായ തെരുവീഥികളിലൂടെന്നപോലെ. മ്ലാനത. എങ്ങും നിശ്ശബ്ദത. ഞാന് നടന്നുപോകുമ്പോള് ഇടയ്ക്കു നിന്നുപോകും. ഈ നിശ്ശബ്ദത ഘനീഭവിക്കാന് പോകയാണോ! ഞാന് ചൂളകുത്തും. ചെടികളോടും വൃക്ഷങ്ങളോടും വര്ത്തമാനം പറയും. അവിടെ ഒരുപാട് അണ്ണാനുണ്ട്. ഒന്നിനെ പിടിച്ചു വളര്ത്തുകതന്നെ എന്നു തീരുമാനിച്ചു. ഇട്ടോടിച്ചു മരത്തില് കയറ്റും. എന്നിട്ട് എറിഞ്ഞു വീഴിക്കാന് ശ്രമിക്കും.

അങ്ങനെ ഒരു ദിവസം പെണ്ജയിലിന്റെ മതിലിന്നരികിലൂടെ ചൂളകുത്തിക്കൊണ്ട് തനിച്ചങ്ങനെ നടക്കുമ്പോള് ഒരു സ്വര്ഗീയനാദം...! ലോകത്തിലേക്കുംവെച്ച് ഏറ്റവും മനോഹരമായ ശബ്ദം.... മതിലിന്റെ അപ്പുറത്തുനിന്ന്... പെണ്ജയിലിന്റെ വക ഒരു ചോദ്യം:

'ആരാ അവിടെ ചൂളയടിക്കുന്നത്?'

പെട്ടെന്നു സുഗന്ധവും പ്രകാശവും പരന്നതുപോലെ. അദ്ഭുതം.

ആണ്ജയിലീന്നല്ല എനിക്കു രോമാഞ്ചമുണ്ടായി. ഞാന് തിക്കും പോക്കും നോക്കി. എന്നിട്ടു ധൈര്യത്തോടെ പറഞ്ഞു:

'ഞാനാണ്!' ഞാന് ആകെ ഇളകി. ദാ പെണ്ണ്!

കുറെ ഉച്ചത്തില്ത്തന്നെ വേണം വര്ത്തമാനം പറയാന്. അവള് മതിലിന്റെ അപ്പുറത്ത്. ഞാന് ഇപ്പുറത്ത്.

അവള് ചോദിച്ചു:

'പേരെന്താ?'

ഞാന് പേരു പറഞ്ഞുകൊടുത്തു. ശിക്ഷയുടെ കാലാവധി, എന്റെ തൊഴില്, ഞാന് എഴുതിയതായ രാജദ്രോഹക്കുറ്റം, എല്ലാം. അവളും ജീവിതത്തില് ചെയ്ത തെറ്റുകളെപ്പറ്റി പറഞ്ഞു.

അവളുടെ സുന്ദരമായ പേര്: നാരായണി.

അവളുടെ സുന്ദരമായ വയസ്സ്: 22

അവള്ക്ക് എഴുതാനും വായിക്കാനും അറിയാം. ശകലം വിദ്യാഭ്യാസമുണ്ട്. പതിന്നാലു വര്ഷത്തേക്കാണു കഠിനതടവ്. വന്നിട്ട് ഒരു കൊല്ലമായി. സന്തോഷമില്ലാത്ത ഒരു കൊല്ലം!

ഞാന് പറഞ്ഞു:

'നാരായണീ, നമ്മളേതാണ്ട് ഒരുമിച്ചാണീ ജയിലില് വന്നത്!'

'അങ്ങനെയാണോ?' കുറേ നേരത്തെ നിശ്ശബ്ദത. എന്നിട്ട് നാരായണി ചോദിച്ചു:

'എനിക്ക് ഒരു റോസാച്ചെടി തരുമോ'

ഞാന് ചോദിച്ചു:

'നാരായണി എങ്ങനെ അറിഞ്ഞു, ഇവിടെ റോസാച്ചെടിയുണ്ടെന്ന്?'

നാരായണി പറഞ്ഞു:

'ജയിലല്ലേ...! എല്ലാവരും അറിയും. ഇവിടെ രഹസ്യങ്ങളൊന്നുമില്ല തരുമോ?'

അവള് പറയുന്നതു കേട്ടോ? രഹസ്യങ്ങളൊന്നുമില്ലെന്ന്! എനിക്കു പെണ്ജയിലിനെപ്പറ്റി എന്തറിയാം? അവിടെയുള്ള സ്ത്രീകളെപ്പറ്റി എന്തറിയാം?

നാരായണി വീണ്ടും ചോദിച്ചു:

'ഒരു റോസാച്ചെടി തരുകില്ലേ?'

'നാരായണീ!' ഞാന് ഹൃദയം പറിഞ്ഞുപോകുന്ന ശക്തിയോടെ ഉച്ചത്തില് കൂകി:

'ഈ ഭുവനത്തിലുള്ള എല്ലാ പനിനീര്ച്ചെടികളും നാരായണിക്കു തരും!'

നാരായണി ചിരിച്ചു, അനേകായിരം ചെറിയ തങ്കമണികള് കിലുങ്ങുംവണ്ണം. അതു കേട്ടപ്പോള് എന്റെ ഹൃദയം നൂറുനൂറായിരം ചെറുകഷണങ്ങളായി ചിതറിപ്പോയതുപോലെ.

അവള് പറഞ്ഞു:

'ഒന്നു മതി. ഒരെണ്ണം മതി. തരുമോ?'

അവള് ചോദിക്കുന്നതു കേട്ടോ. ഒരെണ്ണം തരുമോ എന്ന്! നാരായണിയെ എന്താണു ചെയ്യുക? കെട്ടിപ്പിടിച്ചു ഞെരിച്ച് ഉമ്മവെച്ചു ശ്വാസംമുട്ടിച്ചുകളയണം, പിന്നല്ലാതെ!

'നാരായണീ!' ഞാന് വിളിച്ചുപറഞ്ഞു: 'അവിടെത്തന്നെ നില്ക്ക്. ഒന്നിപ്പോള് കൊണ്ടുവരാം, കേട്ടോ?'

നാരായണി പറഞ്ഞു:

'കേട്ടു.'

ഞാന് ഓടി. അപ്പോള് എന്നെക്കണ്ട അണ്ണാര്ക്കണ്ണന്മാരെല്ലാം ഓടി മരങ്ങളില്ക്കയറി! ഞാന് പറഞ്ഞു:

‘എന്തെടേ, ബഡുക്കൂസുകളെ, ഓടി മരത്തില്ക്കയറുന്നത്? നാണമില്േല ചുമ്മാ ഇറങ്ങി ഇവിടെല്ലാം നടക്കടെ!’

എന്നിട്ട് ഓടി പനിനീര്ത്തോട്ടത്തില്ച്ചെന്നു. അദ്ഭുതം! പൂവുകളെല്ലാം പുതുമന്ദഹാസത്തോടെ വെയിലില് കുളിച്ചുനില്ക്കുന്നു... ഏറ്റവും ഭംഗിയും വളരെയധികം കമ്പുകളുമുള്ള ഒരു റോസാച്ചെടി വേരുകള് പൊട്ടിക്കാതെ ചേനമാതിരി ചുറ്റും മണ്ണുനിറുത്തിയെടുത്തു. ചുവട് ഒരു ചാക്കിന്കഷണത്തില് ഭദ്രമായി വരിഞ്ഞുകെട്ടി. ചില്ലകള് എല്ലാം ഒതുക്കിക്കെട്ടി. എന്നിട്ട് ഓടി മതിലിനടുത്തു ചെന്നു.

‘നാരായണീ!’ ഞാന് വിളിച്ചു.

ആരും വിളികേട്ടില്ല! അവള് പോയോ? എടീ!!!

‘നാരായണീ!’

ഞാന് വീണ്ടും വിളിച്ചു. അപ്പോള് ഒരു ചിരി. എന്നിട്ട്:

‘ന്തോ!’

ഞാന് ചോദിച്ചു:

‘ഞാന് വിളിച്ചപ്പോള് എവിടെയായിരുന്നു!’

‘ഇവിടെത്തന്നെ ഉണ്ടായിരുന്നു!’

‘എന്നിട്ട്?’

‘ഞാന് മിണ്ടാതെ ഒളിച്ചുനില്ക്കുകയായിരുന്നു!’

‘കള്ളീ!’

അവള് ചിരിച്ചു. അവള് ചോദിച്ചു:

‘റോസാച്ചെടി കൊണ്ടുവന്നോ?’

ഞാന് മിണ്ടിയില്ല. എന്താണെന്നുവെച്ചാല് ഞാന് ചുംബിക്കുകയായിരുന്നു. ഓരോ പനിനീര്പ്പൂവിലും, ഓരോ മൊട്ടിലും, ഓരോ തളിരിലും.

നാരായണി എന്റെ പേരു പറഞ്ഞു വിളിച്ചു.

ഞാന് മിണ്ടിയില്ല.

ഞാന് ചുംബിക്കുകയായിരുന്നു. ഓരോ മുള്ളിലും ഓരോ കമ്പിലും. പിന്നെയും നാരായണി ഉത്കണ്ഠയോടെ എന്റെ പേരു പറഞ്ഞു വിളിച്ചു.

ഞാന് വിളി കേട്ടു!

അപ്പോള് നാരായണി പരിഭ്രമത്തോടെ പറഞ്ഞു:

‘ദൈവത്തിനെ ഇത്ര സ്നേഹത്തോടെ വിളിച്ചിരുന്നെങ്കില്....!’

ഞാന് ചോദിച്ചു:

‘വിളിച്ചിരുന്നെങ്കില്?’

അവള് ചൊടിച്ചു:

‘സ്നേഹത്തോടെ വിളിച്ചിരുന്നെങ്കില് എന്നാണു ഞാന് പറഞ്ഞത്!’

‘സ്നേഹത്തോടെ വിളിച്ചിരുന്നെങ്കില്...?’

അവള് പറഞ്ഞു:

‘ദൈവം എന്റെ മുമ്പില് പ്രത്യക്ഷപ്പെടുമായിരുന്നു!’

‘അതുവേ്വാ?’

ഞാന് പറഞ്ഞു:

‘ദൈവം ആരുടെ മുമ്പിലും പ്രത്യക്ഷപ്പെടുകയില്ല! ദൈവം നമ്മുടെ അടുത്തുണ്ട്. പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളുടെയും വെളിച്ചം; ചൈതന്യം.....നാരായണീ! പ്രത്യക്ഷപ്പെടാനുള്ളതു ഞാനല്ലേ!’

‘ഞാന് വിളിച്ചിട്ടെന്തേ പിന്നെ ഇത്രയും നേരം വിളി കേള്ക്കാഞ്ഞത്?’

ഞാന് പറഞ്ഞു:

‘ഞാന് ചുംബിക്കുകയായിരുന്നു.’

‘മതിലിലോ?’

‘അല്ല!’

‘പിന്നെ?’

‘ഓരോ റോസാപ്പൂവിലും ഓരോ കമ്പിലും ഓരോ ഇലയിലും.’

നാരായണി പറഞ്ഞു:

‘ദൈവമേ, എനിക്കു കരച്ചിലുവരുന്നു!’

ഞാന് വിളിച്ചു:

‘നാരായണീ!’

‘ന്തോ!’

‘ചുവട്ടിലെ കെട്ടഴിക്കരുത്. ഒരു കുഴി കുഴിച്ച് അതില് ഈശ്വരനാമത്തില് വയ്ക്കുക. എന്നിട്ടു മണ്ണിട്ടു വെള്ളം ഒഴിക്കണം കേട്ടോ?’

‘കേട്ടു!’

ഞാന് പറഞ്ഞു:

‘എന്നാല്, ദാ വരുന്നു!’

ക്കുട്ടിക്കെട്ടിയ ശിഖരത്തില്പ്പിടിച്ച് ആഞ്ഞുപൊക്കി വന്മതിലിന്റെ അപ്പുറത്തേക്കിട്ടുകൊടുത്തു.

‘കിട്ടിയോ?’

‘ദൈവമേ!’ ഒരു മഹാസാമ്രാജ്യം കിട്ടിയ സന്തോഷത്തോടെ നാരായണി പറഞ്ഞു:

‘കിട്ടി!’

ഞാന് പറഞ്ഞു:

‘കമ്പുകളിലെ കെട്ടുകള് അഴിക്കണം.’

‘അഴിക്കാം.’ അവള് പറഞ്ഞു: ‘ഞാന് പൂക്കളെല്ലാം നുള്ളി എടുത്തുവെക്കാന് പോകുകയാണ്!’

‘എവിടെ, മുടിക്കെട്ടിലോ?’

‘അല്ല!’

‘പിന്നെ?’

‘ഹൃദയത്തിനുള്ളില്....! ബ്ലൗസിനുള്ളില്!’

അതില് എന്റെ ചുംബനങ്ങളുണ്ട്! ഞാന് മതിലില് ചാരിനിന്നു. മതിലിനെ ഞാന് പതുക്കെ തലോടി.

നാരായണി പറഞ്ഞു:

'ഞാന് നട്ടു വെള്ളം ഒഴിച്ചിട്ടു വരാം. എപ്പോഴും മതിലിന്റെ മുകളില് നോക്കണം. ഞാന് വരുമ്പോള് ഒരുണങ്ങിയ കമ്പ് എപ്പോഴും മതിലിനു മുകളിലേക്കിടും. കണ്ടാല് വരുമോ?'

ഞാന് പറഞ്ഞു:

'വരും!'

ഒരു കരച്ചില്മാതിരി!

'ഹെന്റെ ദൈവമേ!'

'എന്താ നാരായണീ?'

നാരായണി പറഞ്ഞു:

'എനിക്കു കരയാന് തോന്നുന്നു!'

ഞാന് ചോദിച്ചു:

'കാരണമെന്ത്?'

നാരായണി പറഞ്ഞു:

'ഹറിഞ്ഞുകൂടാ!'

ഞാന് പറഞ്ഞു:

'നാരായണി പോയി കുഴിച്ചിട്ടിട്ട് വരൂ.'

'ഞാന് ഉണക്കക്കമ്പിടും!'

'ഞാന് അതു നോക്കിയിരിക്കും!'

'കണ്ടാല് വരുമോ?'

'വരും!'

ഞാന് എന്റെ ലോക്കപ്പില്ച്ചെന്നു. വൃത്തികേടിന്റെ കശ! ഞാന് അതെല്ലാം തൂത്തുവാരി വെടിപ്പാക്കി. കിടക്ക വളരെക്കാലമായിട്ടു ശരിക്കൊന്നു കുടഞ്ഞുവിരിച്ചു. ലോക്കപ്പിനകം ആകെ ഒരു ചിട്ടയും ചന്തവും ഒക്കെ വരുത്തി. എന്നിട്ടു ദൂരെ മതിലിന്റെ മുകളിലായി ആകാശത്തു നോക്കി ഇരുപ്പായി. ഉണങ്ങിയ കമ്പ് ഉയരുന്നതു കാണുന്നില്ല! ദൈവമേ! നാരായണീ എന്റെ കാര്യം മറന്നുപോയോ?

ഉണങ്ങിയ കമ്പ് ആകാശത്തില് ഉയരുകില്ല.....! എന്നു വിചാരിച്ചപ്പോള് പ്രപഞ്ചമേ, സുന്ദരമായ ഒരു കാഴ്ച!

ഒരുണങ്ങിയ കമ്പ് ആകാശത്തേക്കുയരുന്നു! ഞാന് അനങ്ങിയില്ല. കമ്പു പിന്നെയും ഉയര്ന്നു. ഞാന് അനങ്ങിയില്ല. കമ്പു പിന്നെയും ഉയര്ന്നു. ഞാന് അനങ്ങി. പിന്നെ എണീറ്റ് ഓടിപ്പാഞ്ഞു ചെന്നു. അണ്ണാര്ക്കണ്ണന്മാര് അനേകം പേര് മരങ്ങളില് പ്രാണഭീതിയോടെ പാഞ്ഞുകയറി എന്നെ കണക്കിനു പുലഭ്യം പറഞ്ഞു!

ഞാന് വിളിച്ചു:

'നാരായണീ!'

മതിലിന്റെ അപ്പുറം നിശ്ശബ്ദം! ഞാന് വീണ്ടും വിളിച്ചു. ഒടുവില് അവള് ദേഷ്യത്തോടെ വിളി കേട്ടു:

'ന്താണ്? എന്താ വേണ്ടത്?'

'ഓ!'

നാരായണി പറഞ്ഞു:

'പിന്നല്ലാതെ! കമ്പെറിഞ്ഞു കമ്പെറിഞ്ഞു കൈയുടെ കുഴപറിഞ്ഞുപോയി!'

ഞാന് പറഞ്ഞു:

'ഞാന് തടവി ശരിപ്പെടുത്താം.'

അവള് പറഞ്ഞു:

'ന്നാ കൈ! തടവി ശരിപ്പെടുത്ത്! ഞാന് മതിലില് കൊള്ളിച്ചുവെച്ചിരിക്കയാണ്!'

ഞാന് പറഞ്ഞു:

ഞാനീ മതിലില് തടവുന്നുണ്ട്! ചുംബിക്കുന്നുമുണ്ട്!'

അവള് പറഞ്ഞു:

'ഞാന് മതിലില് നെഞ്ചമര്ത്തി... അമര്ത്തി ചുംബിക്കുന്നുണ്ട്!'

ഞാന് ചോദിച്ചു:

'നാരായണീ, അവിടെ എത്ര സ്ത്രീകളുണ്ട്?'

നാരായണി ചിരിച്ചു. അവള് പറഞ്ഞു:

'ഞാന് മാത്രമേയുള്ളൂ!'

'കള്ളിപ്പെണ്ണേ! നേരു പറയൂ. എത്രയെണ്ണമുണ്ട്?'

'കുറെയുണ്ട്. എല്ലാം പടുകിഴവികളാണ്!'

'എത്ര?'

'എണ്പത്തേഴ്!'

'സുന്ദരികളെത്ര, കിഴവികളെത്ര?'

നാരായണി പറഞ്ഞു:

'ഒരു സുന്ദരിയും എണ്പത്തിയാറു പടുകിഴവികളും!'

ഞാന് തോറ്റു. ഞാന് ചോദിച്ചു:

'നിങ്ങളുടെ ജയിലില് റോസാച്ചെടികളില്ലേ?'

'ഇല്ല!' നാരായണി പറഞ്ഞു: 'ഒന്നുമില്ല... ഞാനേ, കേള്ക്കണൊണ്ടോ?'

ഞാന് പറഞ്ഞു:

'കേള്ക്കുന്നുണ്ട്!'

'നാളെ... ബജറാ വറുത്തു പൊടിച്ചത്... ഒരു സഞ്ചിയിലാക്കി... ഇട്ടുതരാം... ചക്കര ചേര്ത്തു തിന്നണം. തിന്നുമോ?'

'തിന്നും!'

'ഇല്ല!' നാരായണി തീര്ത്തു പറഞ്ഞു: 'വലിച്ചെറിഞ്ഞുകളയും!'

'ഞാനോ?' ഞാന് പറഞ്ഞു: 'ഒരു തരിപോലും കളയുകയില്ല!'

നാരായണി ചോദിച്ചു:

'മുഖം എങ്ങനെ?'

'ഒരു ശകലം നീണ്ടു വെളുത്തതാണ്. മുടി ക്രാപ്പു ചെയ്തിരിക്കുന്നു. ലേശം കഷണ്ടിയുണ്ട്.'

'കണ്ണുകള്?'

ഞാന് പറഞ്ഞു:

'ഒരു മാതിരി ചെറിയ ആനക്കണ്ണ്.'

നാരായണി പറഞ്ഞു:

'എന്റേത്.....വലിയ ആനക്കണ്ണുകളാണ്. നെഞ്ച്?'

'കുറച്ചു വിരിഞ്ഞതാണ്.'

നാരായണി പറഞ്ഞു:

'എന്റെ നെഞ്ചും വിരിഞ്ഞതാണ്. അരക്കെട്ട്?'

ഞാന് പറഞ്ഞു:

'എന്റെ അരക്കെട്ട് ഒതുങ്ങിയതാണ്.'

നാരായണി പറഞ്ഞു:

'എന്റെ അരക്കെട്ടെങ്ങനെയാണെന്നോ?... പറയാന് മനസ്സില്ല.'

ഞാന് പറഞ്ഞു:

'വീപ്പക്കുറ്റിപോലൊത്ത'

നാരായണി ചെറുതായൊന്നലറി. അവള് പറഞ്ഞു:

'എനിക്കു മാന്തിപ്പൊളിച്ചു കടിച്ചുകീറാന് തോന്നുന്നൊണ്ട്!'

'നാരായണീ!'

'ന്തോ!'

'നിറമെന്ത്?'

'എവിടത്തെ!'

'സുന്ദരമായ നിന്റെ മുഖത്തിന്റെ.'

'കുറച്ചു വെളുത്തതാണ്.'

ഞാന് വിളിച്ചു:

നാരായണീ!

'ന്തോ!'

'പെണ്ണിന്റെ മണം.... എനിക്കനുഭവപ്പെട്ടു!'

'ഹിപ്പോഴോ!... ഹയ്യോ!'

ഞാന് പറഞ്ഞു:

'ഇപ്പോഴല്ല. ഞാനീ ജയിലില് വന്നു കയറി ഇങ്ങു വരുമ്പോള്!'

നാരായണി ചോദിച്ചു:

'അതെവിടന്ന്!... ഹെന്റതായിരിക്കുമോ?'

'എനിക്കറിഞ്ഞുകൂടാ.'

അവള് പറഞ്ഞു:

‘ആണ്ശരീരത്തിന്റെ മണം... അവിടത്തെ മണം എങ്ങനെയിരിക്കും?’

ഞാന് പറഞ്ഞു:

‘എനിക്കറിഞ്ഞുകൂടാ. നാരായണീ... നിന്റെ ശരീരത്തിന്റെ ആ മണം!’

ഞാന് നാസാരന്ധ്രങ്ങള് വിടര്ത്തി ശക്തിയോടെ വലിച്ചു. ഒച്ച അവള് കേട്ടുകാണണമോ? നാരായണി ചോദിച്ചു:

‘വരുന്നുണ്ടോ?’

ഞാന് പറഞ്ഞു:

‘ഇല്ല!’

നാരായണി പറഞ്ഞു:

‘എനിക്കും കിട്ടുന്നില്ല. അസത്തുമതില്!’

ഞാന് ചോദിച്ചു:

‘നാരായണീ! ഈ മതിലില് ഒരു ദ്വാരമുണ്ടായിരുന്നു. കണ്ടിട്ടുണ്ടോ?’

നാരായണി പറഞ്ഞു:

‘സിമന്റിട്ടടച്ച സ്ഥലം കണ്ടിട്ടുണ്ട്. ഞാന് തൊട്ടുനോക്കീട്ടുമുണ്ട്. അതു ഞാനിവിടെ വന്നുചേരുന്നതിനു മുമ്പ് അടച്ചുകളഞ്ഞു!’

ഞാന് പറഞ്ഞു:

‘ഞാനാ ഭാഗം മണപ്പിച്ചു നോക്കി!’

നാരായണി പറഞ്ഞു:

‘അതടച്ച വാര്ഡറെ ഒരാളു തല്ലി. തല്ലിയ ആളെ മുക്കാലിയില്ക്കെട്ടി അടിച്ചു എന്നു കേട്ടു. അടി ഓരോന്നും ഇവിടെയുള്ള സ്ത്രീകള് വേദനയോടെ എണ്ണി!’

ഞാന് പറഞ്ഞു:

മുക്കാലിയില്ക്കെട്ടി മുപ്പത്താറടി അടിച്ചു! അതിവിടെയുള്ള പുരുഷന്മാരും വേദനയോടെ എണ്ണി!’

നാരായണി പറഞ്ഞു:

‘കഷ്ടമായിപ്പോയി.’

‘ഞാന് പറഞ്ഞു:

‘അടികൊണ്ട ആള് എന്റെ ക്ലാസ്മേറ്റാണ്. എന്റെ നാട്ടുകാരന്!’

‘നേരോ?’

‘നേര്.’

അങ്ങനെ മതിലിന്റെ മുകളിലൂടെ നീണ്ടു വെളുത്തുരുണ്ട ഒരു തുണിസഞ്ചി വന്നു. ബജറാ വറുത്തുപൊടിച്ചത്. മുളകുവറുത്ത് ഉപ്പുംകൂട്ടി പൊടിച്ചതും വന്നു. നാരങ്ങാ ഉപ്പിലിട്ടതു ചെന്നു. കായ് വറുത്തതും പാട്ടയോടെ ചെന്നു.

നാരായണി ചോദിച്ചു:

‘ഞാന്... ഈ... കായ്... വറുത്തത്... എല്ലാവര്ക്കും ഓരോ കഷണം കൊടുക്കട്ടെ?’

ഞാന് പറഞ്ഞു:

'എല്ലാവര്ക്കും കൊടുക്ക്. നാരായണിയുടേയും എന്റേയും പേരില്.'

നാരായണി ചോദിച്ചു:

'എന്നെ... എന്നെ മാത്രം സ്നേഹിക്കുമോ?'

ഞാന് ചോദിച്ചു:

'എന്താ നാരായണീ, ഇത്ര സംശയം?'

'ഇവിടെ,' നാരായണി ലേശം വേദനയോടെന്നവണ്ണം പറഞ്ഞു, 'എന്നേക്കാള് സുന്ദരികളുണ്ട്. ഞാന് വലിയ സുന്ദരിയൊന്നുമല്ല!'

ഞാന് പറഞ്ഞു:

'ഞാന് സുന്ദരനൊന്നുമല്ല.'

അവള് പറഞ്ഞു:

'എനിക്കൊന്നു കാണണം.'

ഞാന് പറഞ്ഞു:

'എനിക്കും ഒന്നു കാണണം.'

അവള് പറഞ്ഞു:

'ഹെന്റെ ദൈവമേ....! ഞാനിന്നു രാത്രി കിടന്നു കരയും!'

കാറ്റും മഴയും ഇടികുടുക്കവുമുള്ള ഘോരരാത്രി വന്നു! വെളിച്ചത്തില് മുങ്ങിയ ഇരുമ്പഴിക്കൂട്ടില് ഞാന് ഇരിക്കുന്നു. സ്ഫടികക്കമ്പികള്പോലെ മഴവെള്ളം വീഴുന്നുണ്ട്; ചരല് വാരി എറിയുന്നപോലെ. ഈശ്വരന്റെ അനുഗ്രഹം. പെയ്യട്ടേ മഴ! കൊടുങ്കാറ്റേ, വീശിയടിച്ചോളൂ. പക്ഷേ, മരങ്ങളെ ഒന്നും പിഴുതെറിയലേ്ല! മേഘങ്ങളേ, പതുക്കെ... പതുക്കെ ഗര്ജിക്കുക!... നിങ്ങളുടെ ഈ ഘോരാട്ടഹാസം കേട്ടാല് പാവം സ്ത്രീകള് ഭയന്നുപോകും! പതുക്കെ.... പതുക്കെ!

നേരം വെളുത്തു. വാര്ഡര് വന്നു വിളക്കണച്ചു കതകുതുറന്നു. ഞാന് പുറത്തേക്കിറങ്ങി. കഴുകി ശുദ്ധമാക്കിയ പുതിയ ലോകം. അപ്പോഴെനിക്കു തോന്നി, ജയില് ചാടുന്നതു നല്ലതല്ല! ഇത്ര കഷ്ടപ്പെട്ടു ജയില് ചാടി വെളിയില് ചെന്നിട്ടെന്തു ചെയ്യാനാണ്? വെളിയില് എന്നു പറയുന്നത്, വന്ജയിലുതന്നെ, അലേ്ല?

കാറ്റും മഴയും ഇടികുടുക്കവും മിന്നലുമുള്ള ഘോരരാത്രികള് ഇനിയുമുണ്ടാവും. പക്ഷേ, അധര്മം! ഞാനാ വലിയ ആണികള് വെച്ച സ്ഥലം തന്നെ അങ്ങ് മറന്നുകളഞ്ഞു. ജയില് ചാടുന്നത് അധര്മമാണെന്നു ബോധോദയമുണ്ടായി എന്നു ചുരുക്കം!

മതിലിനു ചോരയും നീരും വെച്ചു കാണുകയില്ല. പക്ഷേ, അതിനൊരാത്മാവ് ഉണ്ടായിട്ടിലേ്ല എന്നൊരു സംശയം. മതില് പലതും കേട്ടു. പലതും കണ്ടു.

ഉണക്കമത്സ്യം വറുത്തത്, കരള് പൊരിച്ചത്, മുട്ട, റൊട്ടി. പലതും മതിലിനു മുകളിലൂടെ അപ്പുറത്തേക്കു ചെന്നു.

ഒരു ദിവസം ഞാന് നോക്കുമ്പോള് മതിലിന്റെ പുറത്ത് ഒരു വലിയ അണ്ണാനിരിക്കുന്നു. അവന് എന്നെ നോക്കുകയാണ്!

ഞാന് പറഞ്ഞു:

'ഇറങ്ങിപ്പോടാ കള്ള ബഡുക്കൂസേ അവിടെ നിന്ന്. നിനക്കു നാണമിലേ്ല?'

നാരായണി ചോദിച്ചു:

‘ആരെയാണ ചീത്ത പറയുന്നത്?’

ഞാന് പറഞ്ഞു:

‘ഒരണ്ണാനെ. അവന് മതിലിന്റെ പുറത്തിരുന്ന നമ്മളെ ശ്രദ്ധിക്കുന്നു! കള്ളന്!’

‘അവിടെ ഇരുന്നോട്ടെ.’ നാരായണി പറഞ്ഞു.

ഞാന് പറഞ്ഞു:

‘അവന് എന്നെ പരിഹസിക്കാന് വന്നിരിക്കയാണ്. അവനെയും അവന്റെ ബന്ധുക്കളെയും ഞാന് ഇട്ടോടിച്ചിട്ടുണ്ട്!’

ഞാന് കുറെ ചരലു വാരിയെറിഞ്ഞു. അണ്ണാന് ഓടിപ്പോയി.

ഒരു പരിഭവം കലര്ന്ന വേദനയോടെ നാരായണി പറഞ്ഞു:

‘നോക്കിക്കേ! എന്റെ മുലയിലാ കല്ലു വന്നു വീണത്!’

ഞാന് ചോദിച്ചു:

‘നൊന്തോ?’

നാരായണി പറഞ്ഞു:

‘തമ്മിലൊന്നു കാണാനെന്തു വഴി?’

ഞാന് പറഞ്ഞു:

‘ഞാനൊരു വഴിയും കാണുന്നില്ല!’

നാരായണി പറഞ്ഞു:

‘ഞാനിന്നു രാത്രി കിടന്നോര്ത്തു കരയും!’

ഞാനും അന്നു രാത്രി കിടന്നോര്ത്തു. കിനാവു കണ്ടു!

രാവുകള്, പകലുകള്, അങ്ങനെ കടന്നുപോയി.

‘ഞാന് ആശുപത്രിയില് വരാന് ശ്രമിക്കും!’ നാരായണി ഒരു ദിവസം പറഞ്ഞു: ‘പറ്റുകയാണെങ്കില്... എന്നെക്കാണാന് ആശുപത്രിവരെ വരുമോ? എനിക്കു ദൂരെനിന്നെങ്കിലും ഒന്നു കണ്ടാല് മതി!’

ഞാന് പറഞ്ഞു:

‘ഞാന് ഓടിവന്നു കെട്ടിപ്പിടിച്ച് ഉമ്മവെക്കും. മുഖത്തും, കഴുത്തിലും, മുലകളിലും, നാഭിയിലും?’

അവള് ചോദിച്ചു:

‘എന്നെക്കണ്ടാല് എങ്ങനെ അറിയും?’

ഞാന് പറഞ്ഞു:

‘മുഖം കാണുമ്പോള് അറിയും!’

നാരായണി പറഞ്ഞു:

‘എന്റെ വലതുകവിളില് ഒരു കറുത്ത മറുകുണ്ട്. അതു നോക്കുമോ?’

എനിക്കാ കറുത്ത മറുകില് തെരുതെരെ ചുംബിക്കണം!’

‘വരാതിരിക്കരുത്. എന്റെ കൂടെ വേറെയും സ്ത്രീകളുണ്ടാകും!’

ഞാന് പറഞ്ഞു:

‘ഞാന് തനിച്ചായിരിക്കും. എന്റെ തലയില് തൊപ്പി കാണുകയില്ല. ശകലം

കഷണ്ടി. എന്റെ കൈയില് ഒരു ചുവന്ന റോസാപ്പൂവു കാണും.'

'ഞാനതു നോക്കും!'

'ആശുപത്രി ഓര്ഡര്ലി എന്റെ ഒരു പഴയ സുഹൃത്താണ്.'

'അതെനിക്കു തോന്നി.'

'എങ്ങനെ?'

'മുട്ട... കരള്... റൊട്ടി... ഞാന് മരിച്ചുപോയാല് എന്നെ ഓര്ക്കുമോ?'

'ഇനി റോസാച്ചെടികള് വേണോ? ഇവിടെ ഒരുപാടുണ്ട്.'

'വേണ്ട. തന്നതില്നിന്നു ഞാനൊരു പൂങ്കാവനം ഉണ്ടാക്കിത്തുടങ്ങി... ഞാന് മരിച്ചുപോയാല് എന്നെ ഓര്ക്കുമോ?'

'പ്രിയപ്പെട്ട നാരായണീ! മരണത്തെപ്പറ്റി ഒന്നും പറയുക സാദ്ധ്യമല്ല. ആര്, എപ്പോള്, എങ്ങനെ മരിക്കുമെന്ന് ഈശ്വരനു മാത്രമേ അറിയൂ. ഞാനായിരിക്കും ആദ്യം മരിക്കുന്നത്.'

'അല്ല, ഞാനായിരിക്കും. എന്നെ ഓര്ക്കുമോ?'

ഞാന് പറഞ്ഞു:

'ഓര്ക്കും!'

നാരായണി ചോദിച്ചു:

'എങ്ങനെ?... ഹെന്റെ ദൈവമേ! അങ്ങെന്നെ എങ്ങനെ ഓര്ക്കും! അങ്ങെന്നെ കണ്ടിട്ടില്ല. തൊട്ടിട്ടില്ല. എങ്ങനെ ഓര്ക്കും?'

'നാരായണിയുടെ അടയാളം ഈ ഭൂഗോളത്തിലെങ്ങുമുണ്ട്!'

വേദനയോടെ നാരായണി ചോദിച്ചു:

'ഭൂഗോളത്തിലെങ്ങുമോ?... അങ്ങ് മുഖസ്തുതി പറയുന്നതെന്തിന്?'

ഞാന് പറഞ്ഞു:

'നാരായണീ, മുഖസ്തുതിയല്ല! പരമസത്യം... മതിലുകള്... മതിലുകള്!'

ഞാന് മതിലില് നോക്കിനിന്നു. അപ്പുറം നിശ്ശബ്ദമാണ്. കുറെക്കഴിഞ്ഞ് നാരായണി പറഞ്ഞു:

'ഞാനൊന്നു പൊട്ടിക്കരയട്ടെ?'

ഞാന് പറഞ്ഞു:

'ഇപ്പോള് വേണ്ട. ഓര്ത്തു രാത്രി കരഞ്ഞുകൊള്ളൂ.'

കുറെ സമയത്തെ നിശ്ശബ്ദതയ്ക്കു ശേഷം നാരായണി പറഞ്ഞു:

'ആശുപത്രിയിലെന്നു കാണാമെന്നു ഞാന് നാളെ പറയാം.'

ഉത്കണ്ഠയോടെ ഞങ്ങള് പിരിഞ്ഞു. രാത്രി വന്നു. വിളക്കു തെളിഞ്ഞു. വാര്ഡര് വന്നു. വിളക്കണഞ്ഞു. വാതില് തുറന്നു. ഞാന് പുറത്തിറങ്ങി. പല്ലുതേയ്പ്, കസര്ത്ത്, കുളി എല്ലാം വേഗം നടത്തി. ആഹാരം കഴിച്ചെന്നുവരുത്തി. ചക്കിയില് ഒരു ബീഡി കത്തിച്ചു. അങ്ങനെ പുകവിട്ടുകൊണ്ടിരിപ്പായി. അനിയന് ജയിലര് കുശലം അന്വേഷിക്കാന് വന്നു. അപ്പോഴാണ് മതിലിന്റെ മുകളില് നീലാകാശത്ത് ഉണങ്ങിയ കമ്പു പൊങ്ങിയത്!

ഞാനാകെ ഇരുന്നു വിയര്ത്തു. ഞാനാകെ ഇരുന്നു പുകഞ്ഞു. എന്തുചെയ്യും?

ഹാവൂ! ഒടുവില് അനിയന് ജയിലര് പോയി. ഞാന് ഓടി:

'നാരായണീ!'

'ന്തോ!'

'എന്ന്?'

നാരായണി പറഞ്ഞു:

'ഇന്നു തിങ്കളാഴ്ച. വ്യാഴാഴ്ച പകല് പതിനൊന്നു മണിക്കു ഞാന് ആശുപത്രിയിലുണ്ടാകും. വലതുകവിളില് കറുത്ത മറുക്. മറക്കലേ്ല?'

'ഓര്മിക്കും! എന്റെ കൈയില് ഒരു ചുവന്ന റോസാപ്പൂവ്!'

'ഓര്മിക്കും!'

തിങ്കള്, ചൊവ്വ, ബുധന് ഉച്ചയ്ക്ക് ഊണുകഴിഞ്ഞ് ഒന്നു മയങ്ങി. എണീറ്റ് ഒന്നു കുളിച്ചു. അങ്ങനെ ഇരിക്കുമ്പോള് അനിയന് ജയിലര് ചിരിച്ചുകൊണ്ട് എന്റെ പനിനീര് പൂങ്കാവനത്തില് വന്നു കുറെ പനിനീര്പ്പൂക്കള് നുള്ളി എടുത്തിട്ടു ലോക്കപ്പില് കയറിവന്ന് എന്റെ കിടക്കയിലിരുന്നു.

'പൂവുകള് വേണോ?' അനിയന് ജയിലര് ചോദിച്ചു.

എനിക്കു ചിരിവന്നു. ഞാന് പറഞ്ഞു: 'ഞാന് പൂങ്കാവനമാകുന്നു; പൂവും!'

'കായലേ്ല?'

'കായും!'

അങ്ങനെ ഞാന് നോക്കുമ്പോള് മതിലിന്റെ മുകളില് നീലാകാശത്ത് ഉണക്കക്കമ്പുയരുന്നു!

അനിയന് ജയിലര് പറഞ്ഞു:

'നിങ്ങളെ ഞാന് സാധാരണ ഡ്രസ്സില് ഇതുവരെ കണ്ടിട്ടില്ല!'

ഞാന് പറഞ്ഞു:

'ജൂബ്ബായും മുണ്ടും.'

അലക്കി മടക്കി പൊതിഞ്ഞു വച്ചിരിക്കുന്ന എന്റെ ഡ്രസ്സ് അനിയന് ജയിലര് എടുത്ത് അഴിച്ചു.

ഞാന് പറഞ്ഞു:

'മുഷിഞ്ഞുപോകും!'

'ഇതൊന്നു ധരിക്കു. ഒന്നു കാണാനാണ്!'

ഞാന് പറഞ്ഞു:

'മുഷിഞ്ഞുപോകും!'

'അതിനെന്ത്? അലക്കിക്കാന് വയേ്യ?'

'ശരി.' ഞാന് മുണ്ടുടുത്തു ജൂബ്ബായിട്ടു.

'എപ്പടി?' ഞാന് ചോദിച്ചു.

'കൊള്ളാം!' അനിയന് ജയിലര് വളരെ സന്തോഷത്തോടെ നാടകീയമട്ടില് പറഞ്ഞു:

'യൂ കാന് ഗോ മിസ്റ്റര് ബഷീര്; യൂ ആര് ഫ്രീ!'

ഞാന് നടുങ്ങിപ്പോയി. എന്റെ കണ്ണുകള് കാണാതായി. ചെവികള് കേള്ക്കാതായി. ആകെക്കൂടി ഒരു എരപ്പ്. എനിക്കൊന്നും മനസ്സിലായില്ല. ഞാന് ചോദിച്ചു:

'വൈ ഷുഡ് ഐ ബീ ഫ്രീ... ഹു വാണ്ഡ്സ് ഫ്രീഡം?'

അനിയന് ജയിലര് ചിരിച്ചു. അദ്ദേഹം പറഞ്ഞു:

'നിങ്ങളെ വിടാന് ഉത്തരവായിട്ടുണ്ട്. നിങ്ങള് ഈ നിമിഷം മുതല് സ്വതന്ത്രനാണ്. നിങ്ങള്ക്കു സ്വതന്ത്ര ലോകത്തേക്കു പോകാം!'

'സ്വതന്ത്രന്...! സ്വതന്ത്രലോകം...! ഏതു സ്വതന്ത്രലോകം? വന്ജയിലിലേക്കു വേണമല്ലോ പോകാന്! ആര്ക്കു വേണം ഈ സ്വാതന്ത്ര്യം?'

അനിയന്ജയിലര് പറഞ്ഞു:

'നാട്ടിലെത്താനുള്ള കാശും വാങ്ങിച്ചു നിങ്ങള്ക്കു പോകാം. വല്ലതും എടുക്കാനുണ്ടോ?'

അദ്ദേഹം കിടക്ക മടക്കി. അതിന്റെ അടിയില് ഞാന് ജീവപര്യന്തക്കാര്ക്കു വായിക്കാന് എഴുതിവെച്ച 'പ്രേമലേഖനം' എന്ന കഥ ഉണ്ടായിരുന്നു. അദ്ദേഹം അതു മടക്കി എന്റെ പോക്കറ്റില് വെച്ചു. വേറെ കുറെ കഥകള് ജീവപര്യന്തക്കാരുടെ പക്കലുണ്ട്. സാരമില്ല. അനിയന് ജയിലര് സന്തോഷത്തോടെ എന്റെ കൈയ്ക്കുപിടിച്ചു ലോക്കപ്പില്നിന്നു പുറത്തിറക്കി. ഞാന് ചെന്ന് എന്റെ പനിനീര്പൂങ്കാവനത്തില് നിന്നു. സ്വപ്നത്തിലെന്നപോലെ ഒരു ചുവന്ന റോസാപ്പൂവ് ഇറുത്തെടുത്തു ചുംബിച്ചുകൊണ്ടു നോക്കി.

മതിലിനു മീതേ നീലാകാശത്തില് ഉണങ്ങിയ കമ്പുയരുന്നു!.... ഉയരുന്നു!! ഉയരുന്നു!!!

ദൈവമേ!

അനിയന്ജയിലര് എന്റെ ലോക്കപ്പു പൂട്ടി.

ശരി, നാരായണീ മംഗളം!

നാട്ടില്ച്ചെന്നെത്താനുള്ള കാശുമായി വലിയ ജയില്ഗേറ്റിലൂടെ ഞാന് വെളിയില് ഇറങ്ങി.

ജയിലിന്റെ പടുകൂറ്റന് വാതില് ഭയങ്കരശബ്ദത്തോടെ എന്റെ പിറകില് അടഞ്ഞു.

ഞാന് തനിച്ചായി. ഞാന് ആ സുഗന്ധം പരത്തുന്ന ചുവന്ന റോസാപ്പൂവു കൈയിലെടുത്തു നോക്കിക്കൊണ്ട് ആ പെരുവഴിയില് സ്തബ്ധനായി വളരെനേരം നിന്നു.

മംഗളം! സര്വമംഗളം!

ശുഭം

* മതിലുകള്, ശബ്ദങ്ങള്—ഇംഗ്ലീഷില് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. Voices/The Walls.

ഹിന്ദിയിലും. ആവാസേം ഔര് ദിവാരേം.

* തിരുവനന്തപുരം സെന്ട്രല് ജയില്. എന്നെ ശിക്ഷിച്ചുകൊണ്ടുവന്നത് കൊല്ലം കസ്ബാ പോലീസ് ലോക്കപ്പില്നിന്നാണ്. ഭരണകാലം ശ്രീചിത്തിരതിരുനാള് മഹാരാജാവിന്റേത്. തിരുവിതാംകൂര് രാജ്യം.

* ആറു പൈസ

# ‘മതിലുക’ളുടെ പണിപ്പുരയില്
## പഴവിള രമേശന്

വൈക്കം മുഹമ്മദ് ബഷീറിന്റെ മതിലുകള് എന്ന കഥയെപ്പറ്റിയും ഈയിടെ വാദപ്രതിവാദങ്ങള് നടക്കുകയുണ്ടായി. അതിന്റെ ഭാഗമോ അനുബന്ധമോ അല്ല ഇത്. ആ കഥയുടെ പണിപ്പുരയില് വൈക്കം മുഹമ്മദ് ബഷീറിനോടൊപ്പം ഉണ്ടായിരുന്ന വ്യക്തി എന്ന നിലയില് ചില കാര്യങ്ങള് ഓര്മിപ്പിക്കുകയാണ്. ‘കൗമുദി’ ആഴ്ചപ്പതിപ്പിന്റെ 1964ലെ ഓണം വിശേഷാല്പ്രതിയിലാണ് മതിലുകള് ആദ്യമായി പ്രസിദ്ധീകരിച്ചത്. അതിന്റെ രചനയ്ക്ക് പ്രേരകമായ സംഭവങ്ങളെയും ആ കഥ എഴുതാനുണ്ടായ സാഹചര്യങ്ങളെയും പ്രേരിപ്പിച്ച വ്യക്തികളെയുംപറ്റി, അത്രകണ്ടു വസ്തുതകള്ക്കു നിരക്കാത്ത രീതിയില് ബഷീര് എവിടെയൊക്കെയോ സൂചിപ്പിച്ചിട്ടുമുണ്ട്. അതുകൊണ്ടുതന്നെ സത്യസന്ധമായി ഈ വിവരണം ആവശ്യമായിവരുന്നു.

ടി. കെ. പരീക്കുട്ടി ചന്ദ്രതാരയുടെ ബാനറില് നിര്മിച്ച ‘ഭാര്ഗവീനിലയം’ എന്ന ചലച്ചിത്രത്തിന്റെ തിരക്കഥ ബഷീര് അറിഞ്ഞോ അറിയാതെയോ കൗമുദി പത്രാധിപരായ കെ. ബാലകൃഷ്ണന് കൈവശപ്പെടുത്തി. ‘കൗമുദി ഓണം വിശേഷാല്പ്രതി’ യില് പ്രസിദ്ധീകരിക്കാന് പോകുന്ന വിവരം പരസ്യംവഴി അറിഞ്ഞ് പാരവശ്യപ്പെട്ട് ബഷീര് തിരുവനന്തപുരത്തു വന്ന് ‘ഭാര്ഗവീനിലയം’ തിരക്കഥയ്ക്കു പകരം കൗമുദിക്കുവേണ്ടി എഴുതിത്തന്ന കഥയാണ് മതിലുകള്. തിരുവനന്തപുരത്ത് തമ്പാനൂരുള്ള അരിസ്റ്റോ ഹോട്ടലിന്റെ അനെക്സില് ഇരുന്ന് നാലു ദിവസംകൊണ്ട് എഴുതിത്തീര്ത്ത മതിലുകള്, ബഷീറിന്റെ രചനാരീതി നേരിട്ടു മനസ്സിലാക്കാന് ഞങ്ങള്ക്കവസരം നല്കി. ഞങ്ങളെന്ന് ഇവിടെ സൂചിപ്പിക്കുന്നത് പ്രധാനമായും അന്നത്തെ കൗമുദി പത്രാധിപസമിതിയിലുണ്ടായിരുന്ന ഞാനും ഇപ്പോള് പി. എസ്. സി. മെമ്പറായിരിക്കുന്ന ടി. ജെ. ചന്ദ്രചൂഡനും. അപൂര്വമായ ഒരു ഭാഗ്യം. ഈ കഥ എഴുതിക്കൊണ്ടിരുന്നപ്പോള് ബഷീറിന്റെ സന്തതസഹചാരിയായി ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന രണ്ടുപേരുടെ പേരുകള് പ്രസക്തങ്ങളാണ്. അന്നത്തെ മാതൃഭൂമി തിരുവനന്തപുരം ബ്യൂറോയിലെ പി. സി. സുകുമാരന് നായരുടെയും ഇന്നത്തെ എം.പി.യായ വക്കം പുരുഷോത്തമന്റെയും. അന്ന് വക്കം സമയം ധാരാളം ചെലവഴിക്കാന് കഴിയുന്ന രാഷ്ട്രീയമില്ലാത്ത ഒരു ക്രിമിനല് വക്കീല് മാത്രമായിരുന്നു.

## കെ. ബാലകൃഷ്ണന്റെ ദിഗ്വിജയം

ഓണം വിശേഷാല് പ്രതിയുടെ തിരക്കിട്ട ജോലികള് നടന്നുകൊണ്ടിരിക്കുന്നു. ചുമതലകള് എന്നെയും ചന്ദ്രചൂഡനെയും ഏല്പിച്ചിട്ട് കൗമുദിയുടെ കെ. എസ്. ചെല്ലപ്പന് എന്ന

സര്വാണിയുമായി കെ. ബാലകൃഷ്ണന് വിശേഷാല്പ്രതിക്ക് ആവശ്യമായ മാറ്റര് തേടി പുറപ്പെടുന്നു. 'കൗമുദി' യും എഴുത്തുകാരുമായുള്ള ബന്ധത്തിന്റെ തുറുപ്പുചീട്ടാണ് ഈ പതിവുയാത്ര. ഏതാണ്ട് കേരളം മുഴുവന് പരന്ന ചുറ്റിയുള്ള ഒരു പോക്കാണ്. പിന്നീടറിഞ്ഞു, കെ. ബാലകൃഷ്ണനോടൊപ്പം വക്കം പുരുഷോത്തമനും പി. സി. സുകുമാരന്നായരും മിനര്വാ കൃഷ്ണന്കുട്ടിയും ഉണ്ടെന്ന്. ഇങ്ങനെയുള്ള യാത്രകളുടെ നിറപ്പകിട്ടിനെപ്പറ്റി തിരുവനന്തപുരത്തിരിക്കുന്ന ഞങ്ങള് രണ്ടുദിവസം കഴിഞ്ഞാല് അറിഞ്ഞു തുടങ്ങും. ഓരോ കേന്ദ്രത്തിലും കെ. ബാലകൃഷ്ണന് കൊടുക്കുന്ന ചെക്കുകള് ബാങ്കില് വരുന്നതുവഴിയാണ് ഈ അറിവ്. ഈ യാത്രയും കെങ്കേമമായിരുന്നുവെന്നാണ് ഓര്മ.

അങ്ങനെ ഒരാഴ്ചത്തെ യാത്രകഴിഞ്ഞ് സംഘം തിരിച്ചെത്തുന്നു. ആരുടെ മുഖത്തും പറയത്തക്ക യാത്രാക്ഷീണമൊന്നുമില്ല. പകരം വലിയ ഉത്സാഹവും സംതൃപ്തിയും. ഇതെന്താ ഇങ്ങനെ എന്നാലോചിച്ചു നില്ക്കുമ്പോള് ഒരു വലിയ പൊതിക്കെട്ട് കെ. എസ്. ചെല്ലപ്പനില്നിന്നു വാങ്ങി ഞങ്ങളെ ഏല്പിച്ചിട്ട് കെ. ബാലകൃഷ്ണന്: 'ബഷീറിന്റെ സ്ക്രിപ്റ്റാണ്. നോക്കാനൊന്നുമില്ല. ഇന്നുതന്നെ പ്രസ്സില് കൊടുത്തു തുടങ്ങണം.'

കൗമുദിയുടെ ഓണം ബോണസ് പ്രശ്നത്തെയും പത്രാധിപര് കൊടുത്തു വന്നുകൊണ്ടിരിക്കുന്ന ചെക്കുകളെയുംപറ്റി ഞങ്ങളോട് താടിക്കു കൈയുംകൊടുത്ത് മാനേജര് പി. ബാലകൃഷ്ണന് സംസാരിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു പത്രാധിപരുടെ യാത്ര കഴിഞ്ഞുള്ള വരവ്. ബഷീറിന്റെ മാറ്റര് കൈയില് കിട്ടിയപ്പോള് മാനേജര് മനസ്സിലേറ്റി വെച്ച ഭാരങ്ങള് ഞങ്ങള്ക്കു പഞ്ഞിക്കെട്ടുകളായി. കിട്ടാത്തതു കിട്ടിയ മട്ടില് ഞങ്ങള് രണ്ടാളും പൊതിയഴിച്ച് പേജ് കൈമാറി വായന തുടങ്ങി.

കൊല്ലത്തുനിന്നിറങ്ങിയിരുന്ന 'പ്രഭാതം' ദിനപത്രത്തിന്റെ വിശേഷാല് പ്രതിയില് 'നീലവെളിച്ചം' എന്ന പേരില് വളരെ മുമ്പുവന്ന ചെറുകഥയുടെ ചലച്ചിത്രാവിഷ്കാരമാണ് 'ഭാര്ഗവീനിലയം'. ക്യാമറാമാനായ എ. വിന്സെന്റ് നടാടെ സംവിധാനം ചെയ്യാന് പോകുന്ന പ്രസ്തുത ചിത്രത്തിന്റെ തിരക്കഥയാണ് ഇപ്പോള് ഞങ്ങളുടെ കൈയിലിരിക്കുന്നത്.

പത്രാധിപര് പറഞ്ഞ സ്ഥിതിക്ക് ആലോചിക്കാനൊന്നുമില്ലെങ്കിലും ആ കാലത്ത് ചിത്രം ഇറങ്ങുന്നതിനു മുമ്പ് തിരക്കഥകള് ആനുകാലികങ്ങളില് പ്രസിദ്ധീകരിക്കുന്ന പതിവില്ലായിരുന്നു തിരക്കഥ പ്രസിദ്ധീകരിച്ചു കഴിഞ്ഞാല് ചിത്രം കാണാനാളുണ്ടാകുകയില്ലെന്ന വിശ്വാസമായിരുന്നു നിര്മ്മാതാക്കളുടെ ഇടയില്. ഈ സംഗതി നന്നായറിയാമായിരുന്ന ഞങ്ങള്ക്ക് മാറ്റര് പ്രസ്സില് കൊടുക്കുമ്പോള് എന്തോ ചില സംശയങ്ങള് ഉണ്ടാകാതിരുന്നില്ല. പത്രാധിപരുടെ ഉത്തരവാദിത്തത്തിലാണല്ലോ. ഫോര്മാന് കൃഷ്ണനെ മാറ്ററേല്പിക്കുമ്പോള് ശ്രദ്ധിച്ചു. എന്തൊരു തെളിച്ചമാണ് ആ മുഖത്ത്. പ്രൂഫ് ഞങ്ങള്തന്നെ നോക്കാമെന്നേറ്റു. മനസ്സിനു വല്ലാത്ത ആശ്വാസം. ഇനി ഒരു മാറ്ററും കിട്ടിയില്ലെങ്കില്തന്നെ ഇത്തവണത്തെ വിശേഷാല്പ്രതി ജോറായി.

## മയ്യനാടന് ഉറപ്പ്

ഞങ്ങളെക്കാള് ഉത്സാഹം പ്രസ്സിലെ ജീവനക്കാര്ക്കാണ്. പാവങ്ങള്. സഹിഷ്ണുത

എന്നൊന്ന് എന്നെ ഏറ്റവുമധികം ബോദ്ധ്യപ്പെടുത്തിത്തന്നിട്ടുള്ളത് അവരാണ്. എല്ലാ വര്ഷവും വിശേഷാല്പ്രതി ഇറങ്ങുന്നതുവരെ അവര്ക്ക് സന്തോഷത്തിന്റെ മുഖമാണ്. വിശേഷാല്പ്രതിയിലെ ലേഖനങ്ങളെയും മറ്റു വിഭവങ്ങളെയുംപറ്റി ഹരംപിടിച്ചു സംസാരിക്കും. വിശേഷാല്പ്രതി ഇറങ്ങി വിതരണത്തിനു പോയിക്കഴിഞ്ഞാല് ബോണസ്സിന്റെ പ്രശ്നമായി. അതുവരെ ഒരു തടസ്സവും പറയാത്ത അവര് സമരത്തിലാകും. കുറച്ചു ദിവസം ഇരിക്കും. നഷ്ടപ്പെട്ട ഒരു ഓണത്തിന്റെ ദുഃഖാനുഭവത്തോടെ സമരം നിര്ത്തി ജോലിയില് പ്രവേശിക്കും. പത്രാധിപരുടെ ഒരിക്കലും പാലിക്കപ്പെടാത്ത 'മയ്യനാടന് ഉറപ്പി' ന്മേല് സമരം നിര്ത്തുകയാണ് പതിവ്. ബോണസ്സിനു പണമില്ലാതാവുന്നതിന്റെ പ്രധാന കാരണം വിശേഷാല്പ്രതിയുടെ മാറ്റര് തേടിയുള്ള പത്രാധിപരുടെയും കൂട്ടരുടെയും കേരള പര്യടനമാണെന്നും അവര്ക്കറിയാം. പക്ഷേ, ഈ പര്യടനത്തിനുള്ള ഒരുക്കങ്ങളില് പങ്കെടുക്കാനും അവര്ക്കു മടിയില്ല. ഇന്ദിരാ പ്രിന്റിങ് വര്ക്സിലെ ജീവനക്കാരെന്നു പറഞ്ഞാല് അവരില് പലരും തിരുവനന്തപുരത്തെ ഇന്നത്തെ ട്രേഡ്യൂണിയന് രംഗത്തെ നേതാക്കളാണ്.

അങ്ങനെ ഭാര്ഗവീനിലയത്തിന്റെ കമ്പോസിങ്ങും പ്രൂഫ്വായനയും പേജുകെട്ടലും ഫോറം അടിയും നടന്നുകൊണ്ടിരിക്കുന്നു. ഒരു ഫോറം നാലു പേജുവിട്ട് കയറ്റിയെന്നാണ് എന്റെ ഓര്മ്മ. വി. എം. ബാലന് പേജുകളിലെ ഇല്ലസ്ട്രേഷന്സും മറ്റും ശരിപ്പെടുത്തിയത് എത്ര ധൃതിയിലായിരുന്നു. പ്രിന്റേഴ്സ് ബ്ലോക്കിലെ ദാസ് തന്റെ മുതലാളിസ്ഥാനം മാറ്റിവെച്ചിട്ട് എടുത്ത ബ്ലോക്കുകള് അപ്പഴപ്പോള് കൊണ്ടുവന്നുകൊണ്ടിരുന്നു. വിശേഷാല്പ്രതിയുടെ നാല്പതോളം പേജുവരുന്ന മാറ്ററാണ്. വിശേഷാല്പ്രതിയില് വരാന് പോകുന്ന 'ഭാര്ഗവീനിലയ' ത്തിന് ഗര്ഭശ്രീത്വം നല്കുന്ന ബഹളത്തിലാണ് കെ. എസ്. ചെല്ലപ്പന്.
അങ്ങനെയിരിക്കെ ഒരു ദിവസം വൈകുന്നേരം ഞാനും ചന്ദ്രചൂഡനും ഭാര്ഗ്ഗവീനിലയത്തിന്റെ തന്നെ പ്രൂഫ് നോക്കിക്കൊണ്ടിരിക്കുകയാണ്. ഫോണ് ശബ്ദിക്കുന്നു. എടുത്തപ്പോള് പരുഷമായ ശബ്ദം:

'ഞാന് വൈക്കം മുഹമ്മദ് ബഷീര്.'

ഞെട്ടിപ്പോയി. ഞാന് ഫോണിന്റെ മൗത്ത്പീസ് പൊത്തിപ്പിടിച്ചിട്ട് ചൂഡനോട് പറഞ്ഞു:

'എടോ സംഗതി കുഴപ്പമായി. വൈക്കം മുഹമ്മദ് ബഷീര്.'

കൈ മാറ്റിയിട്ട് ചോദിച്ചു: 'എവിടെനിന്നാണ് വിളിക്കുന്നത്.'

'തിരുവനന്തപുരത്തു നിന്നുതന്നെ. ദാ, ഇവിടെ.' കുറച്ചുനേരത്തേക്കു നിശ്ശബ്ദം. പിന്നീട് ആരോടോ സ്ഥലം ബഷീര് അന്വേഷിക്കുന്നതിന്റെ നേരിയ ശബ്ദം. എന്നിട്ടു പറഞ്ഞു:

'ഇവിടെ പാളയത്ത്, ശിവറാം സ്റ്റുഡിയോവില് നിന്നാണ്. ഇപ്പോള് വന്നു. ബാലനെവിടെ?'

കെ. ബാലകൃഷ്ണന് അപ്പോള് ഓഫീസില് ഉണ്ടായിരുന്നില്ല. എവിടെയാണെന്നൊട്ടറിയാനും പാടില്ല. ഞാന് ചൂഡന്റെ കൈയില് ഫോണ് കൊടുത്തു. ചൂഡന് പറഞ്ഞു:

'ഞങ്ങള് ഉടന് തന്നെ സ്റ്റുഡിയോവിലെത്തി കൂട്ടിക്കൊണ്ടു വന്നോളാം. ഒരു പത്തു മിനിട്ട്.'

## ബാലന്റെ കടുംകൈ

പാളയത്തേക്കു വിട്ട ടാക്സിയിലിരിക്കുമ്പോള് ബഷീറിന്റെ വരവിനെക്കുറിച്ചുള്ള ഉത്കണ്ഠാജനകങ്ങളായ സംശയങ്ങളായിരുന്നു. ബഷീറിനെ ഞങ്ങള്ക്ക് രണ്ടാള്ക്കും പരിചയമില്ല. കൗമുദിയിലെ ലേഖനങ്ങളിലൂടെ പരിചയമുണ്ടെങ്കിലായി. അതൊക്കെ അങ്ങോര് വായിച്ചിട്ടുവേണ്ടേ. വരുന്ന വരുന്ന പത്രമാസികകളൊക്കെ വലിച്ചെടുത്ത് മൂലയിലേക്കെറിയുന്നതായാണല്ലോ തിരുമൊഴികള്. സംശയങ്ങള് കൈമാറിക്കൊണ്ടിരിക്കുമ്പോള് വണ്ടി ശിവറാം സ്റ്റുഡിയോയുടെ മുമ്പിലെത്തിക്കഴിഞ്ഞു. ബഷീറിന്റെ രൂപം ശരിക്കും മനസ്സില് പേറിക്കൊണ്ടു ലേശം അറപ്പോടെ വണ്ടിയില് നിന്നിറങ്ങി. അരുതാത്തതെന്തോ ചെയ്ത രീതിയിലുള്ള അവാച്യമായ ഒരു ഭയം ഞങ്ങളെ രണ്ടാളെയും ബാധിച്ചിരുന്നു. സ്റ്റുഡിയോയുടെ ടെലിഫോണ് വെച്ചിരുന്ന ഇരുണ്ട കോണില് ബഷീര് നില്ക്കുന്നുണ്ടായിരുന്നു. വലിയ തെളിച്ചമില്ലാത്തതായിരുന്നു ആ മുഖം. ഞങ്ങള് സ്വയം പരിചയപ്പെടുത്തി. ഞങ്ങളുടെ പരിചയപ്പെടുത്തലില് താത്പര്യമില്ലാത്തമട്ടില് കനത്ത സ്വരത്തില് ബഷീര് ചോദിച്ചു:

'ബാലനെവിടെപ്പോയെന്നാ പറഞ്ഞത്? അവന് എന്നോട് ഒരു കടുംകൈ കാണിച്ചിട്ടാ പോന്നത്. ഞാന് പരീക്കുട്ടിക്കുവേണ്ടി എഴുതിയ തിരക്കഥ എടുത്തു കൊണ്ടു പോന്നതു പോകട്ടെ, വിശേഷാല്പ്രതിയില് അതു പ്രസിദ്ധപ്പെടുത്താന് പോകുന്നതായി പരസ്യവും ചെയ്തിരിക്കുന്നു. കൗമുദി വാരികയിലെ പരസ്യം കണ്ട ഒരാള് ഇന്നലെ ഫോണ് ചെയ്തപ്പോഴാണ് ഞാന് അറിയുന്നത്. ഇവന് എന്തൊരുത്തനീ? പരീക്കുട്ടി എന്നെ വെറുതേ വിടില്ല. ഞാന് സ്ക്രിപ്റ്റ് വാങ്ങിക്കൊണ്ടു പോകാനാണു വന്നത്. ഇന്നുതന്നെ പോവുകയും വേണം.'

സംഗതിയുടെ കിടപ്പ് ഞങ്ങള്ക്കു മനസ്സിലായി. കുഴപ്പമാണ്. കമ്പോസ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യം അറിയിക്കേണ്ട. പത്രാധിപര് വന്നിട്ട് സംഗതി നേരെയാക്കട്ടെ. അതുവരെ തിരുമനസ്സിന്റെ സമയം പോക്കുന്ന കാര്യത്തിലായിരുന്നു ഞങ്ങളുടെ വേവലാതി. പത്രാധിപരെ എവിടെ തേടാനാണ്. ഞങ്ങളെ തൊടാനനുവദിക്കാതെ സാമാന്യം വലിയ ഒരു സ്യൂട്ട്കേസ് സ്റ്റുഡിയോയുടെ മൂലയില് ചെന്നെടുത്തുകൊണ്ട് ബഷീര് കാറില് കയറി. ഞങ്ങള് ഇങ്ങോട്ടുള്ള ബസ് യാത്രയെപ്പറ്റിയും പരസ്യം കൊടുത്തുപോയെങ്കിലും പത്രാധിപര് സംഗതിയുടെ ഗൗരവം മനസ്സിലാക്കി പ്രശ്നം പരിഹരിക്കുമെന്നുമൊക്കെ പറഞ്ഞ് ഉപ്പാപ്പയെ സമാധാനിപ്പിക്കാന് ശ്രമിച്ചു. ഞങ്ങളുടെ ശ്രമം ഫലിച്ചെന്നു തോന്നുന്നു. ഓടുന്ന വണ്ടിയുടെ പാര്ശ്വങ്ങളിലേക്കു നോക്കി അതീതകാലചിന്തകളില് അലയുന്ന മനസ്സുമായിരുന്നുകൊണ്ട് അദ്ദേഹം പറഞ്ഞു:

'ബാലന് കാരണം വീണ്ടും തിരുവനന്തപുരത്തൊന്നു വരാന്പറ്റി. പത്തിരുപതു കൊല്ലം മുമ്പ് തിരുവനന്തപുരം സെന്ട്രല്ജയിലിലെ ഒരു തടവുകാരനായി വന്നതാണ്. ബാലനെ എവിടെന്നാണ് ഒന്നു കിട്ടുക. ഏതായാലും ഈ വട്ടത്തിനകത്തുതന്നെയുണ്ടല്ലോ.'

എവിടെനിന്നായാലും കൗമുദി ഓഫീസിലെത്തി അരമണിക്കൂറിനകം പത്രാധിപരുടെ സന്നിധാനത്തിലെത്തിച്ചു കൊള്ളാമെന്ന് ഞങ്ങളേറ്റു. അദ്ദേഹത്തിനു തൃപ്തിയായി. പേട്ട അടുക്കാറായപ്പോഴാണ് ഞങ്ങളെപ്പറ്റിയുള്ള വിവരങ്ങളൊക്കെ തിരക്കുന്നത്. എല്ലാം അറിഞ്ഞുകഴിഞ്ഞപ്പോള് പെരുത്തു സന്തോഷം.

അത്ഭുതമെന്നു പറയട്ടെ, ഞങ്ങള് കൗമുദി ഓഫീസിന്റെ നടയിലെത്തിയപ്പോള് സാക്ഷാല് കെ. ബാലകൃഷ്ണന് ഞങ്ങളെ കാത്ത് അവിടെ നില്ക്കുന്നുണ്ടായിരുന്നു. കൂടെ പബ്ലിക് ഹെല്ത്ത് ലാബ് ഡയറക്ടര് ഡോ. ശങ്കരപ്പിള്ളയുമുണ്ട്. ഞങ്ങളുടെയൊക്കെ ചെറുപ്പത്തിന്റെ വികൃതികള്ക്കൊക്കെ നട്ടെല്ലാകുന്ന ചേട്ടനാണദ്ദേഹം. പിന്നീടുള്ള സംസാരത്തില്നിന്ന് പബ്ലിക് ഹെല്ത്ത് ലാബിലുണ്ടായിരുന്ന പത്രാധിപര് എന്തോ ആവശ്യത്തിന് ഓഫീസിലേക്ക് വിളിച്ചപ്പോള് കാഷ്യര് അമ്മാവനില്നിന്നു വിവരം അറിഞ്ഞതേ്ര. ഓഫീസിന്റെ എല്ലാ ചലനങ്ങളും അമ്മവനില് നിന്നാണാരംഭിച്ചിരുന്നത്.

പത്രാധിപര് ഞങ്ങളെ സ്വീകരിച്ചത് ലേശം ഗൗരവത്തിലാണ്. ബഷീര് വന്നതിന്റെ ഉദ്ദേശ്യം നേരത്തെ മനസ്സിലാക്കി. തന്നെ കുറ്റപ്പെടുത്താനുള്ള പഴുതടയ്ക്കുകയാണ് ഈ ഗൗരവത്തിന്റെ അര്ത്ഥമെന്ന് നിരന്തരസമ്പര്ക്കംകൊണ്ട് എനിക്കും ചൂഡനും അറിയാം. ബഷീറിനെ കാറില്നിന്ന് കൈപിടിച്ച് ഇറക്കുന്നതിനിടയില് മുഖംതിരിച്ച് അടുത്തുനിന്ന മാനേജര് പി. ബാലകൃഷ്ണനോടായി ഗൗരവംവിടാതെ പത്രാധിപര് പറഞ്ഞു:

'കൊള്ളാവുന്ന ഒരു ഹോട്ടലില് നല്ല സൗകര്യമുള്ള ഒരു റൂം ബുക്ക് ചെയ്യ്. മസ്കറ്റിലോ അരിസ്റ്റോയിലോ വേണ്ടില്ല.'

ഈ നിര്ദേശം കേട്ട ബഷീര് ചോദിച്ചു:

'എന്തിന്? എനിക്കാണോ? പറ്റില്ല എനിക്ക് ഇന്നുതന്നെ പോകണം. എറണാകുളത്തു ചെന്നിട്ട് പിടിപ്പതു ജോലിയുണ്ട്. എന്നാലും ബാലാ, നീയിതു പറ്റിച്ചലേ്ലാ. ആ പരീക്കുട്ടിയും വിന്സെന്റുമൊക്കെ എത്ര ബേജാറിലാണെന്നറിയേ്വാ?'

ഇതൊന്നും ശ്രദ്ധിക്കാന് പത്രാധിപര്ക്കു കഴിയുന്നില്ല. ഡ്രൈവര് പുറത്തെടുത്ത ബഷീറിന്റെ വലിയ സ്യൂട്ട്കേസ് നോക്കിക്കൊണ്ട് പറഞ്ഞു:

'ങാ ആ, ഇതില് തിരുവനന്തപുരത്തു കുറച്ചുകാലം താമസിക്കാനുള്ള വകയുണ്ടലേ്ലാ.'

ഇത്രയും പറഞ്ഞിട്ട് പത്രാധിപരുടെ മുറിയിലേക്ക് ബഷീറിനെ ആനയിക്കുമ്പോള് ഞങ്ങളോടായി പത്രാധിപര് പറഞ്ഞു: 'ആ ബാലകൃഷ്ണനെക്കൊണ്ടാവില്ല. നിങ്ങള്കൂടി ചെന്ന് മുറി ശരിപ്പെടുത്തുന്ന കാര്യം ചെയ്യ്. വേഗം വേണം.'

തിരുവനന്തപുരത്ത് അന്ന് കൊള്ളാവുന്ന രണ്ടു ഹോട്ടലുകളേയുള്ളൂ—മസ്കറ്റും അരിസ്റ്റോയും. അരിസ്റ്റോയുടെ അനക്സില് സ്യൂട്ട് സൗകര്യങ്ങളുള്ള വിശാലമായ മുറിയുണ്ട്. ഞങ്ങളുടെ ബഹളങ്ങള്ക്കൊക്കെ പലപ്പോഴും ഇടമാകാറുണ്ടവിടം. അരിസ്റ്റോയില് വിളിച്ചപ്പോള് ഉദ്ദേശിച്ച മുറിതന്നെയുണ്ട്. ബുക്ക് ചെയ്തു. ഉടന് ആളു വരുമെന്നും അറിയിച്ചു. ഹീറ്റര്വരെ ഓണ് ചെയ്യാനുള്ള നിര്ദേശം നല്കി.

ബഷീര് വന്നത് ചേര്ത്തുകൊണ്ടിരിക്കുന്ന മാറ്റര് വാങ്ങിക്കൊണ്ടു

പോകാനാണെന്ന് അപ്പോള്ത്തന്നെ പ്ര്സ്സിലാകെ അറിഞ്ഞുകഴിഞ്ഞിരുന്നു. ആകെയൊരു മ്ലാനത. ജീവനക്കാര് ഒന്നിനു പിറകെ ഒന്നായി ഞങ്ങളുടെ മുറിയില് വന്നു വിവരം അന്വേഷിച്ചു. അന്ന് പ്ര്സ്സ് ജീവനക്കാരായി പത്തുമുപ്പതു പേര് ഇന്ദിരാ പ്രിന്റിംഗ് വര്ക്സിലുണ്ട്.

ബുക്ക് ചെയ്ത മുറിയുടെ വിവരവും മറ്റും ഫോണ്മാര്ഗം പത്രാധിപരെ അറിയിച്ചു. അടുത്ത നിര്ദേശത്തിനു കാത്ത് ചെയ്തുതീര്ക്കാനുള്ള ചില ജോലികള് ധൃതിയില് മുഴുമിച്ചുകൊണ്ട് ഞങ്ങള് ഇരുന്നു. ഒരു പതിനഞ്ച് മിനിട്ടു കഴിഞ്ഞുകാണും. മനസ്സു നിറയെ എന്തോ ചില വല്ലായ്മകളാണ്. ടെലിഫോണിന്റെ ബസ്സര് ശബ്ദിച്ചു. പത്രാധിപരാണ്. ബഷീറിന്റെ മാറ്റര് ചേര്ക്കേണ്ടെന്നും ഷീറ്റുകള് അടുക്കി മുറിയിലെത്തിക്കാനുമാണ് ഉത്തരവ്. ആരെയൊക്കെയോ ശപിച്ചുകൊണ്ട് നിര്ദേശം ഫോര്മാന് കൈമാറുമ്പോള് പത്രാധിപര് വരുത്തിവെക്കുന്ന വിനകളെക്കുറിച്ചോര്ത്ത് ദുഃഖിക്കയായിരുന്നു. കരിപുരണ്ട ഷീറ്റുകള് അടുക്കി ഞങ്ങള് പത്രാധിപരുടെ മുറിയിലേക്കു ചെന്നു. ഞങ്ങളുടെ മുഖഭാവം കണ്ട് അര്ത്ഥം മനസ്സിലാക്കിയ രീതിയില് പത്രാധിപര് പറഞ്ഞു:

'വിഷമിക്കാനൊന്നുമില്ല. ഇതിനെക്കാള് ഉഗ്രന് ഒരു സാധനം ഇവിടെ ഇരുന്ന് എഴുതിത്തരാമെന്ന് ഏറ്റിട്ടുണ്ട്. അതു സമ്മതിച്ചതിനു ശേഷമാണ് മാറ്റര് തിരിച്ചു നല്കാമെന്നേറ്റത്. ആ കൃഷ്ണന്കുട്ടിയും പുരുഷോത്തമനും സുകുവും സദാശിവന് കണ്ട്രാക്റ്റും ഇങ്ങോട്ടു വരുന്നു. അവര് വന്നശേഷം ഹോട്ടലിലേക്കു പോകാം.'

സമാധാനമായി. അല്പസമയത്തിനുള്ളില് പറഞ്ഞവരൊക്കെ എത്തിച്ചേര്ന്നു. ഇനി ഹോട്ടലിലേക്കുള്ള പുറപ്പാടാണ്. അരിസ്റ്റോയുടെ അനക്സ് പൂര്ണമായും ഞങ്ങള്ക്കായി ഒഴിച്ചിടാന് പി. സി. സുകുമാരന് നായരുടെ വകയായി ഏര്പ്പാടുചെയ്തു. ഇനി ഞങ്ങളുടെ ബദ്ധപ്പാടൊഴിഞ്ഞു. എല്ലാ കാര്യങ്ങളും സുകുവും മിനര്വാ കൃഷ്ണന്കുട്ടിയുംകൂടി ഏറ്റെടുത്തുകൊള്ളും. വന്നപാടെ ബഷീറിന്റെ പല പോസിലുള്ള ഫോട്ടോകള് കൃഷ്ണന്കുട്ടിയുടെ ക്യാമറ പകര്ത്തിക്കഴിഞ്ഞിരുന്നു.

## അനുഭവകഥകള്

ബഷീര് നല്ല മൂഡിലായി. തന്റെ സ്വാതന്ത്ര്യസമരകഥകളും കാല്നടയായുള്ള ഭാരതപര്യടനങ്ങളും പല പല കഥകളുടെ അകമ്പടിയോടെ അവതരിപ്പിച്ചുകൊണ്ടിരുന്നു അദ്ദേഹം. കൂട്ടത്തില് തിരുവനന്തപുരം സെന്ട്രല് ജയിലിലെ തന്റെ ജീവിതത്തെപ്പറ്റിയും അന്നത്തെ രസകരങ്ങളായ സംഭവങ്ങളെപ്പറ്റിയും ഒരു കഥയുടെ അടുക്കോടും ചിട്ടയോടുംകൂടി അദ്ദേഹം അവതരിപ്പിച്ചു. ഈ പറയുന്ന കാര്യങ്ങള് ഏതെങ്കിലുമൊന്ന് 'ഇമ്മിണി വലിയ ഒന്നാക്കി' തന്നാല് മതിയെന്നായി കെ. ബാലകൃഷ്ണന്. കൂടെ ഉണ്ടായിരുന്ന ഞങ്ങളും അതു ശരിവെച്ചു. നൈസാമിന്റെ കൊട്ടാരത്തില് വെച്ചുണ്ടായ അനുഭവങ്ങളുടെ പശ്ചാത്തലത്തിലുള്ള കഥയായിരിക്കും നല്ലതെന്നു ചിലര്. അതല്ല, തിരുവനന്തപുരം സെന്ട്രല് ജയിലിന്റെ പശ്ചാത്തലത്തില് പെണ്ജയിലിന്റെ സാമീപ്യത്തിലുണ്ടായതായി രസകരമായി അവതരിപ്പിച്ച സംഭവങ്ങള് പശ്ചാത്തലമായുള്ളതു മതിയെന്നു മറ്റു ചിലര്. ഇപ്പോള് പത്രാധിപരുടെ മുറി നിറയെ ആളാണ്. ബഷീര് വന്ന വിവരമറിഞ്ഞ് 'കേരളകൗമുദി' യില്നിന്ന് എം. എസ്. മണി, പി. കെ. ബാലകൃഷ്ണന്, ജി. വേണുഗോപാല്

തുടങ്ങിയവരൊക്കെ എത്തിയിരിക്കുന്നു. ഇവിടിരുന്നു സമയം വൈകിക്കാതെ അരിസ്റ്റോയിലേക്കു പോകുന്നതായിരിക്കും നല്ലതെന്ന് എല്ലാവർക്കും തോന്നി. അങ്ങനെ പുറകെ വരാമെന്ന വ്യവസ്ഥയിൽ ഞാനും ചൂഡനുമൊഴിച്ചുള്ളവർ മൂന്നു കാറിലായി അരിസ്റ്റോയിലേക്കു പുറപ്പെട്ടു. ചേർത്തുപോയ മാറ്റർ ഒഴിവായ സ്ഥലത്തെക്കുറിച്ചും പ്രസ്സമായും ഫോർമാനുമായും ചില ധാരണകളുണ്ടാക്കാൻ വേണ്ടിയാണ് ഞങ്ങൾ പ്രസ്സിൽത്തന്നെ ഇരുന്നത്.

ഒരു മണിക്കൂർ കഴിഞ്ഞുകാണും, അരിസ്റ്റോയിൽനിന്ന് പി.സി.യുടെ ഫോണാണ്. ബഷീറിന് എഴുതാൻവേണ്ടി ക്വാർട്ടർ ഷീറ്റ് കടലാസ് ഭംഗിയായി കട്ടുചെയ്ത് ഉടൻ അരിസ്റ്റോയിൽ എത്തിക്കണം. കൂടെ ഞങ്ങളും ഉണ്ടാവണം. ഇപ്പോൾ കൂടുതൽ ആശ്വാസം. പറഞ്ഞുതീരാത്ത താമസം കട്ടുചെയ്ത കടലാസ്സെത്തി. അഞ്ഞൂറു ഷീറ്റോളമുണ്ട്. തല്ക്കാലം ഇതു മതി. ഞങ്ങൾ അരിസ്റ്റോയിലേക്കു ഗമിച്ചു.

അവിടെ ചെല്ലുമ്പോൾ മുറിയിൽ ബഷീറില്ല. കുളിക്കാൻ കയറിയിരിക്കുകയാണ്. സുകുവും പാർട്ടിയും പത്രാധിപരുടെ നേതൃത്വത്തിൽ ലേശം ഉത്തേജനത്തിലാണ്. അതിനു വേണ്ടി അടുത്ത മുറി സജ്ജമാക്കിയിരിക്കുന്നു. പത്രാധിപർക്ക് അടക്കാനാവാത്ത സന്തോഷം. ഞങ്ങളെ കണ്ട മാത്രയിൽ പറഞ്ഞു:

'ടാ, നീയൊക്കെ എന്നെക്കുറിച്ച് എന്തു ധരിച്ചു? ഉഗ്രൻ ഒരു സാധനമാണ് നമുക്ക് കിട്ടാൻ പോകുന്നത്. പൂജപ്പുര സെൻട്രൽ ജയിലിന്റെ പശ്ചാത്തലത്തിൽ ഉഗ്രൻ ഒരു സാധനം. എന്റെ സജഷനാണ്.'

പലതും സംസാരിച്ച് നേരം പോകുന്നതിനിടയിൽ ബഷീർ കുളികഴിഞ്ഞ് വന്നു. രാത്രിയിൽ ആവശ്യമായ ആഹാരത്തെയും നേരം പുലർന്നുകഴിഞ്ഞാൽ വേണ്ട കാര്യങ്ങളെയും പറ്റി വിശദമായി അന്വേഷിച്ച് എല്ലാം ഏർപ്പാടാക്കി. ബഷീറിന്റെ സ്ഥിരം കൂട്ടിന് കെ. എസ്. ചെല്ലപ്പനെയും എന്നെയും ചൂഡനെയും ചുമതലപ്പെടുത്തി. വക്കം പുരുഷോത്തമൻ ഏതു സേവനത്തിനും തയ്യാറാണെന്ന് സ്വയം പ്രഖ്യാപിച്ചു. പറഞ്ഞതുപോലെ അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. ബഷീർ തിരുവനന്തപുരത്തു നിന്നു പോകുന്നതുവരെ അദ്ദേഹത്തിന് മുഷിവുണ്ടാക്കാത്ത ഒരു ചങ്ങാതിയായി വക്കം കൂടെ ഉണ്ടായിരുന്നു.

കഥയുടെ രചന അന്നു രാത്രിതന്നെ ആരംഭിച്ചെന്ന് പിറ്റേന്ന് രാവിലെ അരിസ്റ്റോയിലെത്തിയപ്പോൾ മനസ്സിലായി. എഴുതി കീറിക്കളഞ്ഞ ഒരു കുന്നോളം കടലാസ് ചവറ്റുകുട്ടയിൽ കിടന്നിരുന്നു. ഭംഗിയായി എഴുതിത്തീർത്ത മൂന്നുനാലു ഷീറ്റ് കടലാസ് മേശപ്പുറത്തിരുന്നു. പണിക്കുറ തീർന്ന ഭാഗമാണ്. രാവിലെ ഞാൻ ചെന്നപ്പോൾ അത്രയും ഭാഗം എന്നെ വായിച്ചുകേൾപ്പിച്ചു. എനിക്കു പിറകേ പി. സി., കൃഷ്ണൻകുട്ടി, വക്കം, കെ. ബാലകൃഷ്ണൻ ഇങ്ങനെ ഓരോരുത്തരായി വന്നു. എഴുത്തിന് ശല്യമുണ്ടാക്കാതെ ഉടൻതന്നെ പിരിഞ്ഞുപൊയ്ക്കൊള്ളാം എന്ന മുഖവുരയോടെയാണ് എല്ലാവരുടെയും വരവ്. വരുന്നവരെയെല്ലാം എഴുതിത്തീർത്ത ഭാഗം വായിച്ചുകേൾപ്പിച്ചു. തീർന്നിടംകൊണ്ട് എല്ലാവർക്കും ഗംഭീര തൃപ്തി. ഇതിനിടയിൽ തലേദിവസം രാത്രിയിലുണ്ടായ ഭ്രാന്തമായ ചില അനുഭവങ്ങളെപ്പറ്റിയും ബഷീർ കഥാരൂപേണ പറഞ്ഞ് ഞങ്ങളെ രസിപ്പിച്ചു. ഒരു രാത്രിയും പകലിന്റെ ഞങ്ങൾ വരുന്നതിനു തൊട്ടു മുമ്പുള്ള നേരുങ്ങുംകൊണ്ട് അരിസ്റ്റോയിലെ ജീവനക്കാരെ മുഴുവൻ

ബഷീര് കൈയിലെടുത്തുകഴിഞ്ഞിരുന്നു.

## കഥയുടെ പണിപ്പുര

മണിക്കൂറുകള് ഇടവിട്ട് ഞങ്ങളില് ആരെങ്കിലും—ഞാനോ ചന്ദ്രചൂഡനോ വക്കമോ കെ.എസ്. ചെല്ലപ്പനോ—അവിടെ ചെന്നുകൊണ്ടിരുന്നു. ഓരോ പ്രാവശ്യം ചെല്ലുമ്പോഴും എഴുതിയിടത്തോളം ഭാഗങ്ങള് ഞങ്ങളെ കാണിക്കും. ഞങ്ങള് ആവശ്യപ്പെട്ടിട്ടായിരുന്നില്ല. ഒരു പ്രാവശ്യം ചെല്ലുമ്പോള് എഴുതിത്തീര്ത്തത് പത്തു പേജായിരിക്കും. പിന്നീടത് ഇരുപത്തഞ്ചുപേജാകും. ഇനിയൊരിക്കലാകട്ടെ, ഈ ഇരുപത്തഞ്ചു പേജ് അപ്രത്യക്ഷമായി പകരം ഏഴെട്ടു പേജായി ചുരുങ്ങിയിരിക്കും. ഇങ്ങനെ നീട്ടിയും കുറുക്കിയും പിന്നെയും നീട്ടിയുമുള്ള ഈ രചനാരീതി ഞങ്ങളെയൊക്കെ അത്ഭുതപ്പെടുത്തി. എത്ര ബോധപൂര്വമുള്ള രചന. സാഹിത്യത്തെ ഇത്രകണ്ടു ഗൗരവത്തോടെ സമീപിക്കുന്ന ഒരു എഴുത്തുകാരന് നമുക്കില്ലെന്നും ബഷീര്കൃതികളുടെ അപൂര്വതയ്ക്കു കാരണം അസ്വാരസ്യങ്ങളുടെ എല്ലാ പഴുതുമടച്ചുകൊണ്ടുള്ള ഈ ബോധപൂര്വമുള്ള രചനാരീതിയാണെന്നും എനിക്കു തോന്നി. രണ്ടു ദിവസം കഴിഞ്ഞപ്പോള് എഴുത്തിന്റെ ഒഴുക്കിന് തടസ്സമുണ്ടാകാതിരിക്കാന് ഞങ്ങള് കഴിവതും ആ മുറിയില് പോകാതെയായി. ഞങ്ങളുടെ സന്ദര്ശനം വൈകുന്നേരത്തു മാത്രമായി. എല്ലാ ദിവസവും രണ്ടു പ്രാവശ്യമെങ്കിലും പത്രാധിപര് ക്ഷേമാന്വേഷിയായി അരിസ്റ്റോയിലെത്തും. തന്റെ സ്വതസിദ്ധമായ സമയംപോക്കല് പരിപാടിയൊന്നും ഇവിടെ പ്രയോഗിക്കാറില്ല. എങ്ങനെയും ബഷീറിനെക്കൊണ്ട് സംഗതി എഴുതി വാങ്ങിപ്പിക്കാനുള്ള ഒരു തപസ്യയുടെ ഗൗരവമാണ് പത്രാധിപര്ക്ക്. സ്വന്തം കാര്യമാണല്ലോ.

ഇങ്ങനെ നീട്ടിയും കുറച്ചുമുള്ള ബഷീറിന്റെ രചന നാലാമത്തെ ദിവസം വൈകുന്നേരമായപ്പോള് പരിസമാപ്തിയിലെത്തി. വായിച്ചു കേട്ടപ്പോള് കേട്ടുകൊണ്ടിരുന്ന ഞങ്ങളൊക്കെ വിസ്മയഭരിതരായി. എത്ര പണിക്കുറ തീര്ന്ന ശില്പം. എന്തൊരപൂര്വ്വ ചാരുത. ഇതിനെ ജയിക്കാന് മറ്റൊന്നും ഈ കാലയളവിലോ അടുത്തെങ്ങുമോ ഉണ്ടാകാന് പോകുന്നില്ല. ഉണ്ടാകുന്നെങ്കില് അത് ബഷീറില്നിന്നുതന്നെയാവണം. 'ഭാര്ഗവീനിലയം' തിരക്കഥ ചേര്ക്കാതിരിക്കാന് ഇടയുണ്ടാക്കിയ സാഹചര്യങ്ങളെ മനസാസ്തുതിക്കുകയായിരുന്നു.

കേട്ടിരുന്നവരെല്ലാം നിശ്ശബ്ദരോ നിസ്തബ്ധരോ ആണ്. ബഷീറാണ് ആ നിശ്ശബ്ദത ഭഞ്ജിച്ചത്. അദ്ദേഹം ശബ്ദമുയര്ത്തി:

'മാന്യമഹാജനങ്ങളെ, കഥ നിങ്ങള്ക്കു ബോധ്യപ്പെട്ടെന്നു തോന്നുന്നു. ഇതിനെ നാം കെ. ബാലകൃഷ്ണന് എന്ന കുശ്മാണ്ഡത്തെ, നിങ്ങളെ സാക്ഷി നിര്ത്തി ഏല്പിക്കുന്നു. അവന് കൊണ്ടുപോയി എന്തും ചെയ്തുകൊള്ളട്ടെ.'

കെ. ബാലകൃഷ്ണന് ഏതോ വലിയ ആഴങ്ങളില് കുമ്പിട്ടിരിക്കുകയാണ്. മൗനത്തിന്റെ ഭാരം ഏറ്റുവാങ്ങിക്കൊണ്ടു നീങ്ങാന് പ്രയാസപ്പെടുന്ന നിമിഷങ്ങള്. രണ്ടുകൈയും നീട്ടി പത്രാധിപര് അതു വാങ്ങി. ഒരു വലിയ നേട്ടത്തിന്റെ മുഴുവന് പ്രകാശവും ആ മുഖത്തുണ്ടായിരുന്നു. ഒരു കൈക്കുഞ്ഞിനെയെന്നതുപോലെ മാറ്റര് ചൂഡനെ ഏല്പിച്ചു. എന്നിട്ട് ബഷീറിന്റെ രണ്ടു കവിളിലും മാറി മാറി ചുംബിച്ചു.

കഥ ഏറ്റുവാങ്ങുമ്പോള് ജീവിതത്തില് എല്ലാ കാലത്തും ഓര്മിച്ചോമനിക്കാന് കഴിയുന്ന ഒരു വലിയ മുഹൂര്ത്തം ഞങ്ങള്ക്കു കൈവരുകയായിരുന്നു. അലക്ഷ്യവും അനാഥവുമായിരുന്ന ആ കാലഘട്ടത്തിലെ ജീവിതത്തിന്റെ ആശ്വാസം ഇത്തരം മുഹൂര്ത്തങ്ങളായിരുന്നല്ലോ.

ഇപ്പോള് ബഷീറിനു പോകാന് ധൃതിയായി. പിറ്റേദിവസം രാവിലെ എറണാകുളത്തേക്ക് ഒന്നിച്ചുപോകാമെന്നായി പത്രാധിപര്. വല്ലവിധവും ബഷീറിനെ പറഞ്ഞു സമ്മതിപ്പിച്ചു യാത്രയ്ക്കുള്ള ഒരുക്കങ്ങളായി പിന്നെ. പറഞ്ഞതുപോലെതന്നെ പിറ്റേന്നു രാവിലെ അവര് എറണാകുളത്തേക്കു തിരിച്ചു. കൂട്ടിന് കെ. എസ്. ചെല്ലപ്പനും 'മകുട' എന്ന പേരില് പത്രാധിപരുടെ അംഗരക്ഷകനായി അറിയുന്ന തങ്കപ്പനുമുണ്ട്. ഞങ്ങളെക്കൂടി ക്ഷണിച്ചെങ്കിലും വിശേഷാല്പ്രതിക്കു കൈവന്ന മഹാഭാഗ്യത്തില് മുഴുകി സമയം അതിനുവേണ്ടി ചെലവഴിക്കാന് തിരുവനന്തപുരത്തുതന്നെ കൂടി.

പിറ്റേന്നു നേരം വെളുത്തപ്പോള് പത്രാധിപരും സംഘവുമെത്തി. കെ. എസ്. ചെല്ലപ്പന് യാത്രാക്ഷീണമേയില്ല. മേശയില് തലവെച്ചുറങ്ങിക്കിടന്ന എന്നെ വിളിച്ചുണര്ത്തിയിട്ടു പറഞ്ഞു:

'ഏതായാലും നിങ്ങള് വരാതിരുന്നത് കഷ്ടമായിപ്പോയി. ബഷീര് അവിടംവരെ നിങ്ങളെയൊക്കെപ്പറ്റിയാണു സംസാരിച്ചത്. മടക്കത്തില് തകഴിയേയും കണ്ടു. മാറ്റര് രണ്ടു ദിവസത്തിനകം കിട്ടും. ഏയ്, പിന്നെ വേറൊരു കാര്യം. ബഷീറിന് ബാലന് ഒരു ചെക്ക് കൊടുത്തിട്ടുണ്ട്.'

ഇതു കേട്ട മാത്രയില് ഞാന് ഉറക്കത്തിന്റെ അവസാനവേരും പറിച്ചെറിഞ്ഞിട്ടു ചോദിച്ചു:

'എത്ര രൂപയുടെ?'

അന്നത്തെ അവസ്ഥയുടെയും കെ. ബാലകൃഷ്ണന്റെ മഹാമനസ്കതയുടെയും ആഴമറിയാവുന്നതുകൊണ്ടാണ് അന്തംവിട്ടങ്ങനെ ചോദിച്ചുപോയത്.

'ബ്ലാങ്ക് ചെക്ക്.' ചെല്ലപ്പന്റെ മറുപടി. എന്നിട്ട് എന്നോടായി: 'ബാങ്കിലെന്തെങ്കിലുമുണ്ടോ?' ഞാനെന്തു പറയാനാണ്.

രണ്ടു ദിവസത്തിനുശേഷം. സമയം ഉച്ചയോടടുക്കും.

'രണ്ടുപേരും ഇങ്ങോട്ടു വാ.' എക്സ്റ്റന്ഷന് ഫോണിലൂടെ പത്രാധിപരുടെ ആജ്ഞ. രണ്ടുപേര് ഞാനും ചന്ദ്രചൂഡനുമാണ്. എന്തു കുനാംകുരുക്കെന്നറിയാത്ത പരുങ്ങലില് ഞങ്ങള് ചെല്ലുന്നു.

പത്രാധിപരുടെ മുഖത്തു പതിവില്ലാത്ത മന്ദഹാസം. ഒരു കവര് ഞങ്ങളുടെ നേരെ നീട്ടി. ഞാനതു വാങ്ങി ഉള്ളിലെ കത്തു പുറത്തെടുത്തു. ഒരു ബ്ലാങ്ക്ചെക്കും അതിനോടു പിന് ചെയ്തു ചേര്ത്ത കത്തും. എന്തോ രസകരമായ സംബോധനയിലായിരുന്നു തുടക്കം. സംബോധന ഓര്ക്കുന്നില്ല. പക്ഷേ, കത്ത് ഇങ്ങനെയായിരുന്നു:

'തിരുവനന്തപുരത്ത് പേട്ട എന്ന മഹാരാജ്യത്ത് ചന്ദ്രിക എന്ന പേരുള്ള ഒരു പെണ്കുട്ടി വസ്ത്രം വാങ്ങാന് വശമില്ലാതെ അലയുന്നതായി നാം അറിയുന്നു. അവള്ക്ക് ഒരു സാരി വാങ്ങി കൊടുക്കാന് ഈ കത്തോടൊപ്പം പിന്ചെയ്തു ചേര്ത്തിട്ടുള്ള ചെക്ക് ഉപയോഗപ്പെടുത്തുക.'


വിശേഷാല്പ്രതി പുറത്തുവന്നു. മതിലുകള് പ്രസിദ്ധീകരിച്ചതുകൊണ്ടുതന്നെ ഈ വിശേഷാല് പ്രതിക്ക് ഉടന് ഒരു രണ്ടാം പതിപ്പും അടിക്കേണ്ടി വന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ചരിത്രത്തില് അത് ഒരപൂര്വ സംഭവമായി ഇന്നും അവശേഷിക്കുന്നു.

# മതിലുകൾ

**വൈക്കം മുഹമ്മദ്ബഷീർ**

''മതിലുകളിൽ കഥാകൃത്തിന്റെ ജയിൽവാസം വർണ്ണനാവിഷയമാകുന്നു. പക്ഷേ, ആ കഥയും പോലീസ് മർദനങ്ങളെക്കുറിച്ചോ രാഷ്ട്രീയത്തടവുകാർക്ക് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെക്കുറിച്ചോ അല്ല.' ആരും എന്നെ തല്ലിയില്ല', അദ്ദേഹം എഴുതുന്നു: 'ലോക്കപ്പിൽ കിടന്ന് ഞാൻ കുറെ പോലീസ് കഥകളെഴുതി. കടലാസും പെൻസിലും പോലീസ് ഇൻസ്പെക്ടർ തന്നതാണ്.' അതുപോലെതന്നെ ജയിലിനുള്ളിലെ അന്തരീക്ഷവും അത്ര കഠോരമായിരുന്നില്ല. ഭക്ഷണത്തിനു കോഴിമുട്ടയുണ്ട്. ചായ കുടിക്കാം, ബീഡി വലിക്കാം, വായിക്കാം, അവിടെവച്ച് ബഷീർ ബ്രിഡ്ജ് കളിക്കാൻ കൂടി പഠിച്ചുവത്രെ. പക്ഷേ, മതിലുകളും വാതിലുകളും ഉണ്ടായിരുന്നു. എവിടെ നോക്കിയാലും വാർഡർമാരും. ജയിലറുമായും ജയിൽസൂപ്രണ്ടുമായും അദ്ദേഹം രമ്യതയിൽ കഴിഞ്ഞു. ജയിൽവളപ്പിൽ പനിനീർച്ചെടികൾ നട്ടുപിടിപ്പിച്ച് ഒരു പൂന്തോട്ടവും അദ്ദേഹം ഉണ്ടാക്കിക്കളഞ്ഞു. പക്ഷേ, ഇതെല്ലാം ഒരു പ്രേമകഥയുടെ പശ്ചാത്തലവിവരണങ്ങളാണെന്ന് ഓർക്കണം. 'മതിലുകൾ' എന്ന പേരിൽ ഒരു ചെറിയ പ്രേമകഥ നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ?' എന്നിങ്ങനെയാണ് കഥ ആരംഭിക്കുന്നതു തന്നെ. ബഷീർ എഴുതിയ പ്രേമകഥകളിൽവച്ച് ഏറ്റവും അസാധാരണമായ ഒരു പ്രേമകഥ. സംഭവം കഴിഞ്ഞു കൊല്ലങ്ങൾക്കുശേഷം ഏകാന്തതയിൽ നുണഞ്ഞാസ്വദിക്കുന്ന ഒരു പ്രേമകഥ.''

**-ഡോ. ആർ. ഇ. ആഷർ**



കവർ ഡിസൈൻ: **ഡിസൈൻ ഡിഫറൻസ്**
കവർ ഫോട്ടോ: **പുനലൂർ രാജൻ**

**ഡിസി ബുക്സ്**

www.dcbooks.com

നോവൽ